I. ഇ.ബി. XII-കേരള നിയമസഭ/XIV-13

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 16, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയ നോട്ടീസ്**

മി. സ്പീക്കർ: ശ്രീ. പി.സി. വിഷ്ണുനാഥ് ഉൾപ്പെടെയുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയതിന് മറുപടി പറയേണ്ട ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കാലടി സർവ്വകലാശാലയിൽ ഓണററി ഡോക്ടറേറ്റ് നൽകുന്ന ചടങ്ങിൽ പങ്കെടുക്കാനായി പോയിരിക്കുകയാണ്. പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചപ്പോൾ വിഷയത്തെക്കുറിച്ച് കൂടുതൽ അറിയാവുന്നത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കായതുകൊണ്ട് അടിയന്തിര പ്രമേയ നോട്ടീസ് മാറ്റിവയ്ക്കണമെന്നാണ് പറഞ്ഞത്. ചെയറിന് നോട്ടീസ് ലഭിച്ചത് രാവിലെ 8.00 മണിക്ക് ശേഷമാണ്. മറ്റ് മന്ത്രിമാർക്ക് വിഷയം പഠിക്കുന്നതിന് സമയം ലഭിച്ചിട്ടില്ല. അതിനാൽ ഇത് മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ ഹാജരില്ലെങ്കിൽ ഗവൺമെന്റിനുവേണ്ടി മറ്റേതെങ്കിലും മന്ത്രിക്ക് മറുപടി പറയാം. 8.30-ന് മുൻപാണ് അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയത്. അടിയന്തിരപ്രമേയ നോട്ടിസ് മാറ്റിവയ്ക്കണമെന്ന് ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പറഞ്ഞത് സഭയുടെ കീഴ്വഴക്കത്തിന് എതിരാണ്.

ശ്രീ. കെ.എം. മാണി: ഒരു മന്ത്രിക്ക് സഭയിൽ ഹാജരാകാൻ സാധിച്ചില്ലെങ്കിൽ വേറൊരു മന്ത്രിയെ ഓതറൈസ് ചെയ്യുകയോ മുഖ്യമന്ത്രി മറുപടി പറയുകയോ ചെയ്യണം. ഇത് മാറ്റി വയ്ക്കുന്നത് ശരിയല്ല.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ ഹാജരായി പറയേണ്ട കാര്യങ്ങൾ ഒരു മണിക്കൂറിനുള്ളിൽ ശേഖരിച്ച് പറയുക പ്രയാസമാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി പറയും.

ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്ത് പോകുകയും അൽപ്പ സമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു)

**ശ്രദ്ധക്ഷണിക്കൽ**

(1) ജൈവകൃഷിക്ക് ഒരു ഏജൻസി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ബാബു പോൾ: കാർഷിക മേഖലയിൽ രാസവസ്തുക്കളുടെ അമിത ഉപയോഗത്തിന്റെ ഫലമായി മണ്ണും ജലവും അന്തരീക്ഷവും മലീമസ മാകുകയും പുതിയ രോഗങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. ഇതിൽ നിന്ന് രക്ഷപ്പെടാനാണ് ജൈവകൃഷി സംസ്ഥാനത്ത് വ്യപകമാക്കുന്നത്. ഗൺമെന്റ് കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയും ജൈവകൃഷി വിപുലപ്പെടുത്തു കയും ചെയ്യണം. രാസവളകൃഷിയിൽ നിന്ന് ജൈവവള കൃഷിയിലേയ്ക്ക് മാറുമ്പോൾ ഉല്പാദന ക്ഷമതയിലുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് സബ്സിഡി ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം അനുവദിക്കണം. സംസ്ഥാനത്ത് സർക്കാർ നിയന്ത്രണത്തിൽ ജൈവസർട്ടിഫിക്കേഷൻ നൽകു ന്നതിന് ഒരു സ്ഥാപനം ഉണ്ടാകണം. ജൈവസർട്ടിഫിക്കേഷൻ നേടുന്നതിന് കർഷകർ ചെലവാക്കുന്ന തുകയിൽ ഒരു വിഹിതം നാഫെഡ് വഴി നൽകണ മെന്ന തീരുമാനം പുന:പരിശോധിക്കണം. ജൈവ ഉല്പന്നങ്ങളുടെ വില നിലവാരം, മാർക്കറ്റ് വ്യതിയാനം എന്നിവ സംബന്ധിച്ച വിവരങ്ങൾ കർഷ കർക്ക് ലഭ്യമാക്കാനും പരമ്പരാഗത വിത്തിനങ്ങളും നടീൽ വസ്തുക്കളും സ്വന്തമായി ഉൽപാദിപ്പിക്കുന്നതിന് കർഷകർക്ക് പരിശീലനം നൽകുന്നതിനു മുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. പഞ്ചായത്ത് തലത്തിൽ ഓർഗാനിക് സീഡ് ബാങ്ക് രൂപീകരിക്കണം. ജൈവവളവും ജൈവ കീടനാശിനികളും ആവശ്യമായ അളവിൽ മാർക്കറ്റിൽ നിന്ന് ലഭ്യമാക്കാനുള്ള നടപടി സ്വീകരി ക്കണം. രാസവസ്തുക്കളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന രോഗങ്ങളെ ക്കുറിച്ചും ജൈവ ഉൽപന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ജനങ്ങളിൽ ബോധവൽക്കരണം നടത്തണം.

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കേരളത്തിലെ എല്ലാ പ്രദേശങ്ങളും ഒരുമിച്ച് ജൈവകൃഷിയിലേയ്ക്ക് പോകുന്നത് അപ്രായോഗിക മായതിനാൽ ഓരോ ജില്ലയിലും അനുകൂലമായ സ്ഥലം കണ്ടെത്തി പഞ്ചായത്ത് തലത്തിലും രണ്ടോ മൂന്നോ വർഷത്തിനകം ജൈവകൃഷി മേഖലയായി പ്രഖ്യാപിക്കുന്ന സംവിധാനമാണ് ആസൂത്രണം ചെയ്യേണ്ടത്. നിലവിലുള്ള കേന്ദ്ര-സംസ്ഥാന സ്കീമുകൾ കൂട്ടി യോജിപ്പിച്ച് 'ജൈവ ഓർഗാനിക് കേരള മിഷൻ' രൂപീകരിക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്. ജൈവ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിൽക്കുകയാണെങ്കിൽ കേരളത്തിന് അകത്തും പുറത്തും മാർക്കറ്റ് കണ്ടെത്താൻ സാധിക്കും. കേരളത്തിൽ ഇപ്പോൾ തന്നെ 25000-ത്തോളം സർട്ടിഫൈഡ് ആയിട്ടുള്ള ജൈവകൃഷി ക്കാരുണ്ട്. ഒന്നുരണ്ട് വർഷം കൊണ്ട് മൂന്നുനാല് ലക്ഷം ജൈവ കൃഷി ക്കാരെ സൃഷ്ടിക്കാനും കൂടുതൽ പഞ്ചായത്തുകളെ ജൈവ പഞ്ചായത്തുക ളായി മാറ്റാനും സാധിക്കും.

(2) റോഡുകൾ ഗതാഗതയോഗ്യമാക്കാത്തതുമൂലമുണ്ടാകുന്ന അപകടങ്ങൾ

ശ്രീ. എൻ. ശക്തൻ: തിരുവനന്തപുരം നഗരത്തിലേയും പരിസര പ്രദേശങ്ങളിലേയും പ്രധാനപ്പെട്ട റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി കുഴിച്ചിട്ടിരിക്കുന്നതുമൂലം ഗതാഗതയോഗ്യമല്ലാതാവുകയും അപകടങ്ങൾ വർദ്ധിക്കുകയും ചെയ്യുന്നു. എത്രയും വേഗം റോഡുകൾ ഗതാഗതയോഗ്യ മാക്കി തീർക്കാനും അപകടങ്ങളിൽപ്പെട്ട് മരണമടഞ്ഞവരുടെ ആശ്രിതർക്കും അംഗവൈകല്യം സംഭവിച്ചവരുടെ കുടുംബങ്ങൾക്കും അടിയന്തിരമായി നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : തിരുവനന്തപുരം നഗരത്തിലുള്ള റോഡുകളിൽ ഭൂരിപക്ഷവും പൊതുമരാമത്ത് വകുപ്പും തിരുവനന്തപുരം കോർപ്പറേഷനുമാണ് അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കുന്നത്. നഗരത്തിലും പരിസര പ്രദേശങ്ങളിലുമുള്ള ദേശീയ പാതയുടെ പല ഭാഗങ്ങളും മറ്റ് പ്രധാന റോഡുകളും ജപ്പാൻ കുടിവെള്ള പദ്ധതിക്കുവേണ്ടി വാട്ടർ അതോറിറ്റിയും എ.പി.ഡി.ആർ.പി. പ്രോജക്ടിനു വേണ്ടി ഇലക്ട്രിസിറ്റി ബോർഡും നിരന്തരം കുഴിക്കുന്നതിനു പുറമെ ഈ റോഡുകളുടെ അടിയിൽക്കൂടി സ്ഥാപിച്ചിട്ടുള്ള ടെലഫോൺ കേബിളുകൾ, ഡ്രെയിനേജ് കുഴലുകൾ എന്നിവയുടെ പുതുക്കലും മറ്റ് അറ്റകുറ്റപ്പണികളും തിരുവനന്തപുരം നഗരവികസന പദ്ധതി പ്രകാരം റോഡ് വീതി കൂട്ടുന്ന ജോലികളും ചെയ്തുവരുന്നു. തിരുവനന്തപുരം നഗരത്തിലെ റോഡ് പണികൾ ഏപ്രിൽ-മേയ് മാസത്തോടുകൂടി പൂർത്തയാക്കാൻ കഴിയുന്നതാണ്. ഗാർഹിക കണക്ഷനുകളൊഴികെ മറ്റെല്ലാ ജോലികളും ഏറ്റെടുക്കുമ്പോൾ റോഡുകൾക്കുണ്ടാകുന്ന കേടുപാടുകൾ അതാത് ഏജൻസികൾ മുഖേനയാണ് ഇപ്പോൾ തീർത്തുവരുന്നത്. ഈ പദ്ധതികൾ പൂർത്തിയാക്കി റോഡുകൾ ഗതാഗതയോഗ്യമാവുന്നതുവരെ അപകടങ്ങളും അപകട മരണങ്ങളും ഉണ്ടാകാത്ത രീതിയിൽ ആവശ്യമായ മുൻകരുതലുകൾ എടുക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ ഏജൻസികൾ നടത്തുന്ന പണികൾ പൂർത്തിയാക്കി റോഡുകൾ എത്രയും വേഗത്തിൽ ഗതാഗതയോഗ്യമാക്കി പൊരുമരാമത്ത് വകുപ്പിന് കൈമാറണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ പദ്ധതികൾ നടപ്പിലാക്കുമ്പോൾ റോഡുകളിലുള്ള യൂട്ടിലിറ്റീസ് മാറ്റേണ്ടിവരുന്നതാണ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. ഭാവിയിൽ പണിയുന്ന റോഡുകൾക്കെങ്കിലും യൂട്ടിലിറ്റീസ് ഒരു പ്രത്യേക ലൈനിൽ കൂടി

ഇടുന്ന സംവിധാനം ഉണ്ടാകേണ്ടതാണ്. റോഡ് അപകടങ്ങളിൽ മരണമടഞ്ഞ വരുടെ ആശ്രിതർക്കും പരുക്കേറ്റവർക്കുമുള്ള നഷ്ടപരിഹാരം അതാത് സമയങ്ങളിൽ കൊടുക്കുന്നുണ്ട്. ആർക്കെങ്കിലും കിട്ടാതെ പോയത് ശ്രദ്ധയിൽപ്പെടുത്തിയാൽ പരിഹരിക്കുന്നതാണ്.

**സബ്മിഷൻ**

(1) ഒഴിവുകൾ നികത്താൻ നടപടി

ശ്രീ. സി.എഫ്. തോമസ്: സർക്കാർ ജീവനക്കാരുടെ വിരമിക്കൽ തീയതി ഏകീകരിച്ചതുമൂലം മാർച്ച് 31-നുണ്ടാകുന്ന ഒഴിവുകൾ നികത്തുന്ന തിന് അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : 24-04-2009-ലെ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടേയും അധ്യാപകരുടേയും വിരമിക്കൽ തീയതി മാർച്ച് 31-ആയി ഏകീകരിച്ചതുമൂലം റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ടാ കാത്ത സാഹചര്യത്തിൽ പി.എസ്.സി. നിയമനം തടസ്സപ്പെടാതിരിക്കാൻ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. സൂപ്പർന്യൂമററി തസ്തികയിൽ നിയമനം ലഭിച്ചവരുടെ സേവനം എത്രയും വേഗം പ്രയോജനപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 18-12-2009-ലെ ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. റിട്ടയർമെന്റ് ഏകീകരണംമൂലം ജീവന ക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനും തടസ്സമുണ്ടാകാതിരി ക്കാൻ പൊതു സ്ഥലംമാറ്റ വ്യവസ്ഥകൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് 30-12-2009-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ വ്യവസ്ഥ പ്രകാരം പൊതു സ്ഥലംമാറ്റം സംബന്ധിച്ച അപേക്ഷകളിൽ മാർച്ച് മധ്യത്തോടുകൂടി തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. വിരമിക്കൽ തീയതി ഏകീകരിച്ചതുമൂലമുണ്ടാകുന്ന ഒഴിവുകളിൽ പ്രൊമോഷൻ വഴി നികത്തേണ്ട

ഒഴിവുകൾ നികത്തുന്നതിനായി യഥാസമയം ഡി.പി.സി. കൂടി അർഹരായ ജീവനക്കാർക്ക് കാലതാമസം കൂടാതെ പ്രൊമോഷൻ നൽകുന്നതിന് 08-12-2009, 04-01-2010 തീയതിയിലെ സർക്കുലറുകളിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്. റിട്ടയർമെന്റ് ഏകീകരണം മൂലമുണ്ടാകുന്ന ഒഴിവുകൾ നികത്താൻ ബന്ധപ്പെട്ട എല്ലാ അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതു കൂടാതെ നിയമനത്തിന് സമയം വേണ്ടിവരുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് അധ്യക്ഷൻമാർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) അവിശ്വാസ പ്രമേയം പാസ്സാക്കിയത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങളിൽക്കൂടി ചെങ്ങന്നൂർ മുനിസിപ്പൽ ചെയർമാനെതിരെ അവിശ്വാസ പ്രമേയം പാസ്സാക്കിയവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ചെങ്ങന്നൂർ നഗരസഭാ ചെയർമാനെതിരെ അവിശ്വാസ പ്രമേയം ചർച്ച ചെയ്യാൻ 15.3.2010-ന് 11 മണിക്ക് ചെങ്ങന്നൂർ നഗരസഭ യോഗം ചേർന്നു. കൊല്ലം നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർ പി.എം. മുഹമ്മദ് അലി ആയിരുന്നു വരണാധികാരി. ഈ സമയത്ത് മുനിസിപ്പൽ സെക്രട്ടറി അയോഗ്യരായി പ്രഖ്യാപിച്ച അഞ്ച് കൗൺസിലർമാരിൽ പ്രദീപ് കുമാറും ജോസ് കെ.ജോർജും കൗൺസിൽ ഹാൾ വിട്ടുപോകാതെ മുദ്രാവാക്യം വിളിച്ചു ബഹളം ഉണ്ടാക്കിയപ്പോൾ അവരെ നീക്കം ചെയ്യുന്നതിന് വരണാധികാരി പോലീസിന് രേഖാമൂലം നിർദ്ദേശം നൽകി. ഉച്ചയ്ക്ക് മൂന്നു മണിയോടെ വോട്ടെടുപ്പ് ആരംഭിച്ചപ്പോൾ യു.ഡി.എഫ്.ൽപ്പെട്ട കൗൺസി

ലർമാരും പുറത്താക്കപ്പെട്ട കൗൺസിലർമാരും ബഹളം വച്ച് വോട്ടിംഗിനെ തടസ്സപ്പെടുത്തിയതിനാൽ പോലീസ് ജോസ് കെ. ജോർജിനെയും പ്രദീപ് കുമാറിനെയും പോലീസ് സ്റ്റേഷനിൽ കൊണ്ടുപോകുകയും അല്പ സമയത്തിനുശേഷം വിട്ടയയ്ക്കുകയും ചെയ്തു. പോലീസ് വളരെ സംയമനത്തോടുകൂടിയാണ് ഈ പ്രശ്നത്തിൽ ഇടപെട്ടത്. ഇവരെ അയോഗ്യരാക്കിയ നടപടി തെറ്റാണെങ്കിൽ അതിനെ വ്യവസ്ഥാപിതമായ രീതിയിൽ ചോദ്യം ചെയ്യാവുന്നതാണ്.

(3) ഹോട്ടൽ ബാത്ത്റൂമിൽ ഒളിക്യാമറ സ്ഥാപിച്ച സംഭവം

(ഈ വിഷയം സംബന്ധിച്ച് ശ്രീ. വി.ഡി.സതീശനും നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: കോഴിക്കോട് സാഗർ ഹോട്ടലിൽ സ്ത്രീകളുടെ ബാത്ത്റൂമിൽ വച്ചിരുന്ന ഒളിക്യാമറ കണ്ടുപിടിച്ച പെൺകുട്ടി ക്യാമറയുമായി പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ മോശമായി പെരുമാറിയ എസ്.ഐ.യ്ക്കെതിരെയും ഒളിക്യാമറ സ്ഥാപിച്ച കുറ്റക്കാരനെതിരെയും കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഒളിക്യാമറ വച്ച സംഭവത്തിന് കാരണക്കാരനായ ഹോട്ടൽ ജീവനക്കാരനെ അറസ്റ്റ് ചെയ്യുകയും നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പോലീസ് ഓഫീസർ മോശമായി പെരമാറിയതായി പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് സിറ്റി സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർ പ്രാഥമിക അന്വേഷണം നടത്തി പ്രൊബേഷണറി എസ്.ഐ.യെ സസ്പെന്റ് ചെയ്തിട്ടുണ്ട്. അന്വേഷണം തുടരുന്നുണ്ട്. പെൺകുട്ടികൾക്കും സ്ത്രീകൾക്കും നേരെ സമൂഹത്തിലുണ്ടാ

കുന്ന ഇത്തരം പ്രവർത്തികൾക്കെതിരെ നടപടികളെടുക്കുന്നതിന് വ്യവസ്ഥ യുണ്ട്. ഹോട്ടലുകൾ കേന്ദ്രീകരിച്ച് ഇത്തരം സംഭവങ്ങൾ നടക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

(4) സബ് ഇൻസ്പെക്ടറെ മർദ്ദിച്ച സംഭവം

ശ്രീ. ആര്യാടൻ മുഹമ്മദ്: നിലമ്പൂർ നിയോജകമണ്ഡലത്തിലെ പോത്തുകൽ പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറെ മർദ്ദിച്ച സംഭവ ത്തിനുത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പോത്തുകൽ പോലീസ് സ്റ്റേഷനിലെ എസ്.ഐ.യും പാർട്ടിയും 12-3-2010-ന് രാത്രി കോമ്പിംഗ് ഡ്യൂട്ടിക്കിടയിൽ 12.45-ന് ഗുഡ്സ് ഓട്ടോ പാർക്ക് ചെയ്തിരുന്ന ചുങ്കത്തറ കൃഷ്ണകുമാരിയുടെ വീട്ടിലെത്തി വീട്ടുകാരെ വിളിച്ചുണർത്തി ഗുഡ്സ് ഓട്ടോയുടെ രേഖകൾ പരിശോധിക്കു ന്നതിന് പിറ്റേ ദിവസം രാവിലെ പോലീസ് സ്റ്റേഷനിൽ വരണമെന്ന് നിർദ്ദേ ശിച്ചതിനനുസരിച്ച് 13-03-2010-ന് രാവിലെ 11.10-ന് സ്വരാജ്, സഹീർ, രാജു എന്നിവർ സ്റ്റേഷനിലെത്തി എസ്.ഐ.യുമായി സംസാരിക്കുകയും വാക്കു തർക്കമുണ്ടാകുകയും ചെയ്തു. ദേഹോപദ്രവം ഏൽപ്പിച്ചു എന്ന എസ്.ഐ. യുടെ പരാതി പ്രകാരം പോത്തുകൽ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടു ണ്ട്. വണ്ടൂർ സി.എച്ച്.സി.യിൽ ചികിത്സ തേടിയ എസ്.ഐ.യെ 14-3-2010-ന് മഞ്ചേരി ഗവൺമെന്റ് ആശുപത്രിയിലേയ്ക്ക് മാറ്റിയതായാണ് റിപ്പോർട്ട് കിട്ടി യിട്ടുളളത്. എസ്.ഐ. മർദിച്ചുവെന്നാരോപിച്ച് സ്വരാജ്, സഹീർ, രാജു എന്നി വരുടെ പരാതിപ്രകാരവും ഐസ്.ഐ. വീട്ടിൽ കയറി ആക്രമിക്കുകയും ദേഹോപദ്രവം ഏല്പിക്കുകയും ചെയ്തു എന്നാരോപിച്ച് കൃഷ്ണകുമാരി യുടെ പരാതി പ്രകാരവും കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പെരിന്തൽമണ്ണ

ഡി.വൈ.എസ്.പി. യുടെ നേതൃത്വത്തിൽ ഈ കേസ്സുകളെക്കുറിച്ച് അന്വേഷണം നടന്നുവരുന്നു. ഇതുമായി ബന്ധപ്പെട്ട് സ്വരാജ്, സഹീർ, രാജു എന്നിവരെ ഇന്ന് രാവിലെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(5) കശുവണ്ടി ഫാക്ടറികൾ കെ.എസ്.സി.ഡി.സി-യിൽ നിലനിറുത്താൻ നടപടി

ശ്രീ. ബി. രാഘവൻ: നെടുവത്തൂർ, ഏഴുകോൺ കശുവണ്ടി ഫാക്റികൾ കെ.എസ്. സി. ഡി.സി. യുടെ പരിധിയിൽ നിലനിർത്താനും തുറന്നു പ്രവർത്തിപ്പിക്കാനും തൊഴിലാളികൾക്ക് ജോലിസ്ഥിരത ഉറപ്പാക്കാനും നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): നെടുവത്തൂർ, ഏഴുകോൺ കശുവണ്ടി ഫാക്ടറികൾ കെ.എസ്.സി.ഡി.സി.-ൽ തിരിച്ചെടുക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(6) സൈബർ കുറ്റകൃത്യങ്ങൾ

പ്രൊഫ.എൻ. ജയരാജ്: ഇന്റർനെറ്റ് കഫേകളുടെ പ്രവർത്തനം നിയന്ത്രിക്കാനും സൈബർ കുറ്റകൃത്യങ്ങൾ തടയാനും ആവശ്യമായ നിയമ നിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് എല്ലാ ജില്ലകളിലും സൈബർ സെല്ലുകളും ഹൈടെക്ക് ക്രൈം എൻക്വയറി സെല്ലും പോലീസ് ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. സൈബർ, ക്രൈം സംബന്ധമായ കേസ്സുകൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും രജിസ്റ്റർ ചെയ്തുവരുന്നുണ്ട്. കൂടുതൽ സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമായവ തിരുവനന്തപുരത്തെ സൈബർ ക്രൈം പോലീസ് സ്റ്റേഷനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത്

അന്വേഷിക്കുന്നു. സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളേയും വിദ്യാർത്ഥി സമൂഹത്തേയും ബോധവാന്മാരാക്കുന്നതിന് പത്രമാധ്യമങ്ങളിലൂടേയും സ്കൂൾ, കോളേജ് തലത്തിൽ സ്റ്റഡി ക്ലാസ്സുകളും മീറ്റിംഗുകളും സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. ഈ സെല്ലുകളിൽ സാങ്കേതിക പരിജ്ഞാനം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ കൂടുതലായി നിയോഗിക്കാൻ ഉദ്ദേശിക്കുന്നു. സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണം നടത്തുന്നതിനുള്ള വിദഗ്ദ്ധ പരിശീലനത്തിനായി പോലീസ് ഉദ്യോഗസ്ഥർക്ക് സി-ഡാക് വഴി സൈബർ ഫോറൻസിക് ട്രെയ്നിംഗ് കോഴ്സ് നല്കിവരുന്നു. 2009-ൽ 90 സൈബർ കേസ്സുകൾ രജിസ്റ്റർ ചെയ്തതിൽ 44 എണ്ണം തെളിയിക്കാൻ സാധിച്ചു. ബാക്കി കേസുകൾ തെളിയിക്കാനുള്ള നടപടികൾ തുടർന്നു വരുന്നു.

(7) വെള്ളാള സമുദായത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ

ശ്രീ. വി. സുരേന്ദ്രൻപിള്ള: പിന്നോക്ക വിഭാഗങ്ങളേക്കാൾ വളരെ പരിതാപകരമായ സാഹചര്യത്തിൽ ജീവിക്കുന്ന സംസ്ഥാനത്തെ 18 ലക്ഷത്തോളം വരുന്ന വെള്ളാള സമുദായത്തിൽപ്പെട്ടവർക്ക് 1964 വരെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പി.ജി.കോഴ്സുകളിൽ സംവരണാനുകൂല്യം നൽകിയിരുന്നുവെങ്കിലും തുടർന്ന് കുമാരപിള്ള കമ്മിഷന്റെ അപൂർണ്ണമായ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ അന്നത്തെ സർക്കാർ ഇവർക്കു ഈ ആനുകൂല്യം നിഷേധിച്ചു. ഇതിനെത്തുടർന്ന് ഈ സമുദായം കേന്ദ്ര പിന്നോക്ക വിഭാഗ കമ്മീഷനേയും സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനേയും സമീപിച്ചെങ്കിലും കിർത്താർഡ്സ് ശരിയായ പഠനം നടത്താതെ റിപ്പോർട്ട് നൽകിയതിന്റെ ഫലമായി ഇവരുടെ ആവശ്യം തള്ളുകയാണുണ്ടായത്. ഈ ആവശ്യം ഉന്നയിച്ച് അവർ വീണ്ടും കമ്മീഷന് നിവേദനം സമർപ്പി

ച്ചിരിക്കുകയാണ്. ചെട്ടി വിഭാഗത്തിനു നൽകുന്ന സംവരണാനൂകൂല്യങ്ങൾ ഈ സമുദായത്തിലെ വെള്ളാളർ, ശൈവവെള്ളാളർ എന്നിവർക്കുകൂടി നൽകുന്ന കാര്യം സർക്കാർ പരിഗണിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : ഉദ്യോഗ സംവരണമുള്ള ഒ.ബി.സി പട്ടികയിൽ ഐറ്റം നമ്പർ 10-ൽ ചെട്ടി സമുദായത്തിന്റെ ബ്രാക്കറ്റിൽ വെള്ളാള ശൈവ വെള്ളാളർ എന്നു ചേർത്ത് അവരെക്കൂടി ഒ.ബി.സി. ലിസ്റ്റിൽപ്പെടുത്തണമെന്ന വെള്ളാള സമുദായ സഭാപ്രസിഡന്റിന്റെ നിവേദനം കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന് നൽകുകയും കമ്മീഷൻ ഈ ആവശ്യം നിരസിക്കുകയും സർക്കാർ അതുപ്രകാരം ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് കമ്മീഷന് ഇപ്പോൾ ലഭിച്ചിട്ടുള്ള നിവേദനം പരിശോധിച്ചു വരികയാണ്. കമ്മീഷൻ റിപ്പോർട്ട് അടിയന്തിര മായി ലഭിക്കുന്നതിനും തുടർ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം കൊടു ത്തിട്ടുണ്ട്. പിന്നോക്ക വിഭാഗ ലിസ്റ്റിൽപ്പെടാത്ത വെള്ളാള സമുദായം നിലവിൽ ഫോർവേർഡ് കാസ്റ്റിൽ ആണെന്നുള്ളതുകൊണ്ട് ഒ.ബി.സി-ക്ക് കിട്ടുന്ന സംവരണാനുകൂല്യം ഇവർക്ക് ലഭ്യമാകില്ല. എന്നാലും ഇത് പുന:പരിശോധിക്കണമെന്ന് ഗവൺമെന്റ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കമ്മീഷനിൽനിന്നും പോസിറ്റീവായ സമീപനമാണ് കിട്ടുന്നതെങ്കിൽ അതിനനുസരിച്ച് അടിയന്തിര നടപടി സ്വീകരിക്കുന്നതായിരിക്കും.

(8) ദൂരപരിധി ലംഘിച്ച് പ്രവർത്തിക്കുന്ന ബാർ ഹോട്ടൽ

ശ്രീ. എം. ഉമ്മർ: മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാറങ്കോട് പ്രദേശത്ത് ദൂരപരിധി നിയമം ലംഘിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബാർ ഹോട്ടൽ അടച്ചുപൂട്ടാനും ദൂരപരിധി ലംഘിച്ചതായുള്ള പരാതി സംബന്ധിച്ച്

ഹൈക്കോടതി നിർദ്ദേശപ്രകാരം നടത്തിയ തെളിവെടുപ്പിൽ തെറ്റായ റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാനും സർക്കാർ തയ്യാറാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. ഗുരുദാസൻ</u>) : മലപ്പുറം മുനിസിപ്പാലിറ്റിയിലെ വാറങ്കോട് പ്രദേശത്ത് ഏറനാട് ബാർ ഹോട്ടൽ ദൂരപരിധി നിയമം ലംഘിച്ചുകൊണ്ട് പ്രവർത്തിക്കുന്നതായ ആക്ഷേപത്തെക്കുറിച്ച് ഉദ്യോഗസ്ഥർ നടത്തിയ അന്വേഷണത്തിൽ ബാർ ഹോട്ടലിന്റെ 200 മീറ്റർ ദൂരപരിധിക്കുള്ളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളോ ആരാധനാലയങ്ങളോ, ശ്മശാനങ്ങളോ, എസ്.സി/എസ്.ടി കോളനികളോ മറ്റ് ഒബ്ജക്ഷണബിളായ സ്ഥാപനങ്ങളോ ഇല്ലെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഹൈക്കോടതി നിർദ്ദേശമനുസരിച്ച് പരാതിക്കാരിൽ നിന്ന് തെളിവെടുത്തപ്പോഴും എഫ്.എൽ റൂളിന്റെ വ്യവസ്ഥകളനുസരിച്ചാണ് ഹോട്ടൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഹോട്ടലിന്റെ 140 മീറ്റർ പരിധിക്കുള്ളിൽ നഴ്സിംഗ് സ്കൂൾ പ്രവർത്തിക്കുന്നുണ്ടെന്ന പരാതിയെക്കുറിച്ച് അഡീഷണൽ എക്സൈസ് കമ്മീഷണർ മുഖേന അന്വേഷണം നടത്തിയതിൽ സ്കൂളിന് രണ്ട് ഗേറ്റുണ്ടെന്നും ഒരു ഗേറ്റിന് ബാറിൽനിന്ന് 140 മീറ്റർ ദൂരവും രണ്ടാമത്തെ ഗേറ്റിന് 200 മീറ്ററിലധികം ദൂരവുമുണ്ടെന്നും മനസ്സിലാക്കുകയുണ്ടായി. 140 മീറ്റർ അകലെയുള്ള ഗേറ്റ് ഹോട്ടലിന് ലൈസൻസ് നൽകിയതിനുശേഷം പുതിയതായി നിർമ്മിച്ചതാണെന്നാണ് കൂടുതൽ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഹോട്ടലിന് ലൈസൻസ് നൽകിയിട്ടുള്ളത്. ബഹുമാനനപ്പെട്ട എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷിച്ച് അടിയന്തിര റിപ്പോർട്ട് സമർപ്പിക്കാൻ

എക്സൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(9) ഫയർ സ്റ്റേഷൻ

ശ്രീ. പി. വിശ്വൻ: ഏതാണ്ട് 30 കിലോമീറ്റർ കടലോര പ്രദേശം ഉൾപ്പെട്ട കൊയിലാണ്ടി താലൂക്കിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സംസ്ഥാനത്ത് പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന 42 ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണന പട്ടികയിൽ കൊയിലാണ്ടി 22-ാമത്തേതായിട്ടാണ് ഉൾപ്പെട്ടിട്ടുള്ളത്. ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള താൽക്കാലിക സംവിധാനമെന്ന നിലയിൽ പുതിയ ബസ് സ്റ്റാന്റിലെ 6 മുറികളും അനുബന്ധ സൗകര്യങ്ങളും ഒരുക്കിത്തരാമെന്ന് നഗരസഭ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ കമാൻഡന്റ് ജനറലിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(10) കൊച്ചി കേന്ദ്രമാക്കിയുള്ള തീവ്രവാദ ആക്രമണ ഭീഷണി

ശ്രീ. കെ. ബാബു: കൊച്ചി നഗരത്തിലുണ്ടായ തീവ്രവാദ ആക്രമണ ഭീഷണി കേരളത്തിന്റെ വാണിജ്യ വ്യവസായ ടൂറിസം സാദ്ധ്യതകളെയെല്ലാം പ്രതികൂലമായി ബാധിക്കുമെന്നതിനാൽ അവിടുത്തെ ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കയകറ്റാനും ഏത് ആക്രമണത്തെയും നേരിടാൻ സുരക്ഷാ സേനകളെ സജ്ജമാക്കാനുമുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കൊച്ചി നഗരത്തിൽ തീവ്രവാദ ആക്രമണം ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന് കേന്ദ്ര സർക്കാരിൽനിന്നും മുന്നറിയിപ്പ് ലഭിച്ച പശ്ചാത്ത ലത്തിൽ കൊച്ചി നഗരത്തിലും പരിസര പ്രദേശങ്ങളിലും ഡി.ജി.പി. ഉൾപ്പെ ടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കർശന സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ പൊതുസ്ഥലങ്ങ ളിലും സ്ഫോടക വസ്തുക്കൾ കണ്ടെത്താനായി ആന്റി സബോട്ടേജ് വിഭാഗം പരിശോധന നടത്തിവരുന്നുണ്ട്. പ്രധാനപ്പെട്ട ഓഫീസുകളിലെ സുരക്ഷ ശക്തിപ്പെടുത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പ്രമുഖ ആരാധനാല യമായ സിനഗോഗിന് പ്രത്യേക സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയി ട്ടുണ്ട്. എൻ.എസ്.ജി പരിശീലനം ലഭിച്ച പോലീസ് കമാൻഡോ ടീമിനെയും ഏത് അടിയന്തിര സാഹചര്യത്തെയും നേരിടാൻ ക്വിക്ക് റിയാക്ഷൻ ടീമിനെയും നഗരത്തിൽ വിന്യസിച്ചിട്ടുണ്ട്. സിറ്റി പോലീസ്, നേവി, കോസ്റ്റ് ഗാർഡ് എന്നിവരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ഒരു ജോയിന്റ് ഓപ്പറേഷൻ ടീം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കടലിൽ കോസ്റ്റ് ഗാർഡിന്റെയും നേവിയുടെയും പട്രോളിംഗ് ഊർജ്ജിതമായി നടന്നുവരുന്നുണ്ട്. പൊതുമേ ഖലാ എണ്ണക്കമ്പനികൾ, പ്രമുഖ ഹോട്ടലുകൾ എന്നിവയുടെ പ്രതിനിധിക ളുടെ യോഗം വിളിച്ചുകൂട്ടി അവയുടെ സുരക്ഷ ശക്തിപ്പെടുത്താനുള്ള നിർദ്ദേശം സിറ്റി പോലീസ് കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. പൊതു സ്ഥലങ്ങ ളിൽ സംശയകരമായ രീതിയിൽ ആളുകളേയോ ഉപേക്ഷിക്കപ്പെട്ട രീതിയിൽ വസ്തുക്കളോ ബാഗുകളോ കാണുകയാണെങ്കിൽ പോലീസിനെ അറിയി ക്കണമെന്നുള്ള മുന്നറിയിപ്പ് പൊതുജനങ്ങൾക്ക് നൽകിയിട്ടുണ്ട്. അവിടെ രൂപീകരിച്ചിട്ടുള്ള കടലോര ജാഗ്രതാ സമിതിയോടും മത്സ്യത്തൊഴിലാളിക

ളോടും എന്തെങ്കിലും വിവരങ്ങൾ ലഭിച്ചാൽ പോലീസിന് നൽകി സഹായിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(11) മണൽവാരൽ നയം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: കോഴിക്കോട് ജില്ലയിലും മലപ്പുറം ജില്ലയിലും മണലെടുപ്പുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വ്യത്യസ്തമായ മാനദണ്ഡങ്ങൾ ഏകീകരിച്ച് ഇതുമൂലമുണ്ടാകുന്ന സംഘർഷാവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കാനും മണൽ ഇല്ലാത്ത കടവുകളിലും മണൽ ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

ശ്രീ. ടി.പി. കുഞ്ഞുണ്ണി: ഭാരതപ്പുഴയിൽനിന്നും മണലെടുക്കുന്നതിനുള്ള പാസ് കൊടുക്കുന്ന മാനദണ്ഡത്തിന്റെ കാര്യത്തിൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകൾക്ക് ഏകീകരണമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സെസ്സ്, സി.ഡബ്ല്യൂ. ആർ.ഡി.എം., എന്നീ ഏജൻസികൾ നടത്തുന്ന വിദഗ്ദ്ധ പരിശോധനയുടെ അടിസ്ഥാനത്തിലും ഓരോ പ്രദേശത്തിന്റേയും ഭൗതിക-ജൈവ-പരിസ്ഥിതി വ്യവസ്ഥ സംരക്ഷിക്കുന്ന മാനദണ്ഡങ്ങൾകൂടി കണക്കിലെടുത്തുമാണ് വിവിധ നദികളിൽനിന്നും കടവുകളിൽനിന്നും മണലെടുക്കുന്നതിനുള്ള തോത്, സമയം ഇതെല്ലാം നിശ്ചയിച്ച് മണൽ വാരുന്നതിൽ നിയന്ത്രണമേർപ്പെടുത്തിയിട്ടുള്ളത്. പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ കടവുകളിൽനിന്ന് മണലെടുക്കുന്നതും തുക ഈടാക്കുന്നതും പാസ്സ് കൊടുക്കുന്നതും വിതരണവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരും റവന്യൂ-തദ്ദേശഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുംകൂടി ചേർന്ന് തീരുമാനിക്കുന്ന നടപടിക്രമങ്ങളനുസരിച്ചാണ്. വർദ്ധിച്ചുവരുന്ന മണലിന്റെ ആവശ്യം കണക്കിലെടുത്ത് നദിയിൽനിന്നെടുക്കുന്ന മണിലിനുപുറമേ സംസ്ഥാനത്തുള്ള വിവിധ ഡാമുക

ളിൽനിന്ന് കൂടി മണലെടുക്കുമ്പോൾ മണൽ മാഫിയായെ നിയന്ത്രിക്കാനും നിയന്ത്രിതവിലയ്ക്ക് സാധാരണക്കാർക്ക് മണൽ ലഭ്യമാക്കാനും കഴിയും

(12) എൻ.എസ്.എസ്.-ന്റെ വക ഭൂമി കയ്യേറ്റം

ശ്രീ. കെ. സി. ജോസഫ് : തിരുവനന്തപുരം നഗരത്തിലെ അക്കൗണ്ടന്റ് ജനറൽ ഓഫീസിന്റെ പുറകുവശത്തുകൂടി ആ ഓഫീസിലേക്ക് പ്രവേശിക്കുന്നതിനുള്ള സമാന്തര റോഡ് നിർമ്മിക്കുന്നതിന്റെ ഭാഗമായി പുന്നൻ റോഡിൽ സ്ഥിതിചെയ്യുന്ന എൻ.എസ്.എസ്.-മായി ബന്ധപ്പെട്ട കേരള സർവ്വീസ് കമ്പനിയുടെ സ്ഥലം ഏറ്റെടുക്കാനുള്ള നീക്കം ഉപേക്ഷിക്കാനും ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ലോബിയുടേയും സ്വകാര്യ സംരംഭകരുടേയും താൽപ്പര്യത്തിനനുസരിച്ച് പ്രവർത്തിക്കാതിരിക്കാനുമുള്ള സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം.

റവന്യൂ വകുപ്പുമന്ത്രി(ശ്രീ. കെ. പി. രാജേന്ദ്രൻ): ഉദ്യോഗസ്ഥ ലോബിയുടേയും സ്വകാര്യ വ്യക്തി താൽപ്പര്യത്തിന്റേയും അടിസ്ഥാനത്തിൽ ഗവൺമെന്റ് തീരുമാനമെടുക്കുകയില്ല. തിരുവനന്തപുരം നഗരത്തിലെ റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി അക്കൗണ്ടന്റ് ജനറൽ ഓഫീസിന്റെ മുൻഭാഗത്തെ സ്ഥലം വിട്ടുതരികയും അതിനുപകരമായി എ.ജി. ഓഫീസിന്റെ പുറകിൽ പുന്നൻ റോഡിൽകൂടി ഈ ഓഫീസിലേയക്ക് ഒരു വഴി തുറക്കാമെന്ന് മുഖ്യമന്ത്രികൂടി പങ്കെടുത്ത യോഗത്തിലെ തീരുമാനമനുസരിച്ച് ധാരണയിലെത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ലാന്റ് അക്വസിഷനുവേണ്ടി നോട്ടിഫിക്കേഷൻ ഇറക്കിയത്. ഇതുസംബന്ധിച്ച് ഹൈക്കോടതിയിൽ ഒരു കേസും നിലവിലുണ്ട്. കൂടുതൽ പരിശോധനയ്ക്കായി ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചീഫ്

സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ശരിയായ തീരുമാനമെടുക്കുന്നതാണ്.

(13) അനദ്ധ്യാപകരുടെ ആശ്രിത നിയമനം

ശ്രീ. പി. ജയരാജൻ: സംസ്ഥാനത്തെ ദേവസ്വം വകുപ്പിന്റെ കീഴിലുള്ള എയ്ഡഡ് കോളേജുകളിലെ അനധ്യാപക ജീവനക്കാർക്കും ആശ്രിത നിയമന വ്യവസ്ഥ ബാധകമാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധ്യാപക ജീവനക്കാർക്ക് കെ.ഇ. ആർ. പ്രകാരം ആശ്രിത നിയമനത്തിന് അർഹതയുണ്ട്. എന്നാൽ അൺ-എയ്ഡഡ് കോളേജുകളിലും പ്രൈവറ്റ് കോളേജുകളിലും ആശ്രിത നിയമന വ്യവസ്ഥ നിലവിലില്ല. കൊച്ചി ദേവസ്വം ബോർഡിനുകീഴിലുള്ള വിദ്യാഭ്യാസ സ്ഥാപന ങ്ങളിലെ അനദ്ധ്യാപക ജീവനക്കാർക്കും ഗുരുവായൂർ ദേവസ്വത്തിന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അനദ്ധ്യാപക ജീവ നക്കാർക്കും ആശ്രിത നിയമനം നൽകുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള എയ്ഡഡ് സ്ക്കൂളുകൾ ക്ഷേത്രങ്ങളുടെ നേരിട്ടുള്ള നിയന്ത്രണത്തിലായതിനാൽ പ്രസ്തുത വ്യവസ്ഥ അനദ്ധ്യാപക ജീവന ക്കാർക്കും ബാധകമാണ്. ഗുരുവായൂർ ദേവസ്വം ബോർഡ് പ്രാവർത്തികമാ ക്കിയതുപോലുള്ള കാര്യങ്ങൾ ചെയ്യുന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(14) വാടപ്പൊഴി പാലത്തിന്റെ നിർമ്മാണം

ശ്രീ. എ. എ. ഷുക്കൂർ: ആലപ്പുഴ നിയോജകമണ്ഡലത്തിലെ വാടപ്പൊഴി പാലം പുനർനിർമ്മിക്കുന്നതിനും ഇരുമ്പ് പാലം വീതി കൂട്ടുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ആലപ്പുഴ നഗരത്തിലെ വാടപ്പൊഴി പാലം പുനർനിർമ്മിക്കുന്നതിന് എസ്റ്റിമേറ്റിനേക്കാൾ 38.13 ശതമാനം അധിക നിരക്കിൽ ടെന്റർ ലഭിക്കുകയും 11-03-10-ലെ സർക്കാർ ഉത്തരവ് പ്രകാരം 35 ശതമാനം അധിക തുകയ്ക്ക് ടെന്റർ അംഗീകരിച്ചിട്ടുള്ളതുമാണ്. ഈ നിരക്ക് കരാറുകാരന് സ്വീകാര്യമാകുകയാണെങ്കിൽ ഉടനെതന്നെ എഗ്രിമെന്റ് വച്ച് പണി ആരംഭിക്കുന്നതാണ്.

(15) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

ശ്രീ. എ. സി. മൊയ്തീൻ : വടക്കാഞ്ചേരി-അത്താണി മേൽപ്പാലത്തിന്റെയും വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : വടക്കാഞ്ചേരി-അത്താണി മേൽപാലത്തിന്റെ നിർമ്മാണം ത്വരിത ഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അധികം താമസിയാതെ കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതുമാണ്. വടക്കാഞ്ചേരി റയിൽവേ മേൽപ്പാലത്തിന് ബീമിന്റേയും സ്ലാബിന്റേയും പണികൾ റെയിൽവേ പൂർത്തീകരിച്ചാൽ മാത്രമേ പി. ഡബ്ല്യൂ. ഡി.-ക്ക് തൃശൂർ-ഷൊർണ്ണൂർ ഭാഗത്തും കാട്ടിലങ്ങാടി ഭാഗത്തും സ്ലാബുകൾ നിർമ്മിച്ച് പണി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. കാട്ടിലങ്ങാടി സംരക്ഷണ ഭിത്തിയുടെ പുതുക്കിയ ഡിസൈൻ തയ്യാറായികൊണ്ടിരിക്കുകയാണ്. അത്

അംഗീകരിച്ചാലുടനെ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി പണി ആരംഭിക്കുന്ന താണ്.

(16) <u>അനധികൃതമായി യൂക്കാലി മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> കീഴാന്തൂർ വില്ലേജിലെ സർക്കാർ പിടിച്ചെടുത്ത ഭൂമിയിലെ യൂക്കാലി മരം മുറിച്ച് വിൽപ്പന നടത്തുന്നവർക്കെതിരെ ക്രിമിനൽ കേസ് എടുക്കാനും സർക്കാർ മഹസ്സർ തയ്യാറാക്കി ഭൂമി കസ്റ്റഡിയിൽ എടു ത്തിട്ടുണ്ടോയെന്നും അതോ പ്രഖ്യാപനം മാത്രമായിരുന്നോയെന്ന് വ്യക്തമാ ക്കണമെന്നും പ്രസ്തുത ബ്ലോക്കിന്റെ അതിർത്തിയിൽ മറ്റ് കൃഷിക്കാരെ റവന്യൂ ഉദ്യോഗസ്ഥർ ശല്യം ചെയ്യുന്ന നടപടി അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u>: കീഴാന്തൂർ വില്ലേ ജിലെ ചന്ദ്രമണ്ഡല പ്രദേശത്ത് സർക്കാർ ഏറ്റെടുത്ത ഭൂമിയിലെ യൂക്കാലി മരങ്ങൾ സംഘടിതമായി വെട്ടിക്കൊണ്ടു പോകുന്നത് സർക്കാരിന്റെ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് പോലീസ് കേസ്സെടുക്കുകയും കൂടുതൽ അന്വേഷണം നടത്താൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഏറ്റെടുത്ത് ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തിയ ഈ ഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ചെങ്ങറ സമരത്തിന്റെ പാക്കേജു മായി ബന്ധപ്പെട്ട് ഇവിടത്തെ 350 ഏക്കർ ഭൂമി 50 സെന്റ് വീതം അളന്ന് തിരിച്ച് നൽകുന്ന നടപടി ഏകദേശം പൂർത്തിയായിട്ടുണ്ട്. ഭൂമിയി ല്ലാത്തവർക്ക് ഭൂമി നൽകുക മാത്രമല്ല അവർക്ക് അവിടെ കൃഷി ചെയ്ത് ജീവിക്കാനുള്ള ബൃഹത് പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധ പ്പെട്ട് കൃഷിക്കാരെ ഉദ്യോഗസ്ഥർ എന്തെങ്കിലും പ്രയാസപ്പെടുത്തിയതായി

അറിയിച്ചാൽ അത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(17) ലാന്റ് അക്വിസിഷൻ നടപടികൾ

ശ്രീ. മോൻസ് ജോസഫ്: സമയബന്ധിതമായി ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്തതുകൊണ്ടാണ് സംസ്ഥാനത്തൊട്ടാകെയും പ്രത്യേകിച്ച് കോട്ടയം ജില്ലയിലും വികസന പ്രവർത്തനങ്ങൾ സതംഭനാവസ്ഥയിലായിരിക്കുന്നത്. ലാന്റ് അക്വിസിഷന് ചുമതലപ്പെടുത്തിയിട്ടുള്ള ആർ.ഡി.ഒ. മാർക്കും വില്ലേജ് ഓഫീസർമാർക്കും ഭരണപരമായ ഉത്തരവാദിത്വം നിരവഹിക്കേണ്ടതുള്ളതിനാൽ ലാന്റ് അക്വിസിഷൻ നടപടികളിൽ കൂടുതൽ ശ്രദ്ധചെലുത്താൻ കഴിയുന്നില്ല. അതിനാൽ സ്പെഷ്യൽ ഓഫീസർറെയും സപ്പോർട്ടിംഗ് സ്റ്റാഫിനേയും നിയമിച്ച് ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കോട്ടയം ജില്ലയിൽ ഇപ്പോൾ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഏഴ് സ്പെഷ്യൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ രണ്ട് വീതം മൂവാറ്റുപുഴ ഇറിഗേഷൻ പ്രോജക്ടിനും ദേശീയപാത വികസനത്തിനും ഒരോന്നുവീതം അങ്കമാലി-ശബരി റെയിൽ പാതയ്ക്കും ചെങ്ങന്നൂർ-മുളന്തുരുത്തി റെയിൽ പാത ഇരട്ടിപ്പിക്കലിനും പൊന്നുംവില പ്രവർത്തികൾക്കുമായാണ് നിയോഗിച്ചിട്ടുള്ളത്. കൂടാതെ പാല ആർ.ഡി.ഒ. ഓഫീസ് മുഖാന്തിരം ലാന്റ് അക്വിസിഷൻ ജോലികൾ നടത്തി വരുന്നു. നിലവിലുള്ള യൂണിറ്റുകൾക്ക് കൂടുതൽ ജോലി ഭാരം ഏറ്റെടുക്കാൻ കഴിയാത്ത സ്ഥിതി ഉള്ളതിനാൽ കോട്ടയം ജില്ലയ്ക്ക് പുതിയ ലാന്റ് അക്വിസിഷൻ യൂണിറ്റ് രൂപീകരിക്കണമെന്ന നിർദ്ദേശം സർക്കാർ പരിഗണിക്കുന്നതാണ്. കൂടാതെ എം.എൽ.എ.മാരുടെ മണ്ഡലങ്ങ

ളിലെ വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് എം.എൽ.എ. മാർ ജില്ലാ കളക്ടർമാരെ അറിയിച്ചാൽ സ്പെഷ്യൽ അറ്റൻഷൻ കൊടുത്തു കൊണ്ട് ഭൂമി ഏറ്റെടുക്കാൻ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി അധി കാരം താഴേക്ക് നൽകാനും ഉത്തരവ് കൊടുക്കുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

(1) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ എഴുപ ത്തിയേഴുമുതൽ എൺപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

<u>വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും</u>

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ.തോമസ് ഐസക്)</u>: "ഡിമാന്റ് ഫോർ ഗ്രാന്റ്സ് ഓൺ അക്കൗണ്ട് ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനു യോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2010-11 സാമ്പത്തിക വർഷ ത്തിന്റെ ആദ്യത്തെ നാല് മാസത്തേക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതി നുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണ്ണർക്ക് നൽകണ മെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു."

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ് . ശർമ്മ)</u> ഉപക്ഷേപത്തെ പിന്താങ്ങുന്നു.

സർവ്വശ്രീ. കെ.കെ. ഷാജു, സി.ടി.അഹമ്മദ് അലി എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്:</u> വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഇൻഡ്യയിലെ സംസ്ഥാനങ്ങളുടെ സാമ്പത്തിക അടിത്തറ തകർന്നത് കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങളുടെ ഫലമാണെന്നുള്ള ഈ സർക്കാരിന്റെ വാദത്തിന് വ്യത്യസ്തമായി ഇൻഡ്യയിലെ മുഴുവൻ സംസ്ഥാനങ്ങളും 1990-ന് ശേഷമാണ് സാമ്പത്തിക ഭദ്രത കൈവരിച്ചതെന്നാണ് ഇക്കണോമിക് റിവ്യൂ യിൽ പറയുന്നത്. എന്നാൽ ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളോടൊപ്പം കേര ളത്തിന് നേട്ടങ്ങൾ ആർജ്ജിക്കാൻ കഴിയാതെ പോയതിന്റെ പ്രധാന കാരണം ഇടതുപക്ഷ സർക്കാരിന്റെ പ്രത്യയശാസ്ത്രപരമായ സമീപനവും വാറ്റിനെ എതിർത്തതുകൊണ്ടുമാണ്. ഇന്ന് സംസ്ഥാനങ്ങൾക്കുണ്ടായ സാമ്പത്തിക ഭദ്രതയ്ക്ക് വാറ്റ് പ്രധാനപ്പെട്ട ഘടകമായിരുന്നു എന്ന് തെളിഞ്ഞിരിക്കുക യാണ്. ലോകത്തിലുണ്ടായ മാറ്റങ്ങൾക്ക് അനുഗുണമായി കോൺഗ്രസ്സിന്റെ പുത്തൻ സാമ്പത്തിക നയസമീപനങ്ങളുടെ ഫലമായി പല നേട്ടങ്ങളും സംസ്ഥാനങ്ങൾക്ക് ലഭിച്ചു. കഴിഞ്ഞ വർഷം കേരളത്തിൽ വലിയ മൂലധന നിക്ഷേപമുണ്ടായി എന്ന് സംസ്ഥാന സർക്കാർ അവകാശപ്പെട്ടുവെങ്കിലും ക്യാപിറ്റൽ എക്സ്പെന്റിച്ചർ വെറും 2.51 ശതമാനം മാത്രമാണ് എന്നാണ് ഇക്കണോമിക് റിവ്യൂ വെളിപ്പെടുത്തിയത്. ധനകമ്മി ഉണ്ടായാൽ പ്രശ്നമുണ്ടാ കില്ലെന്നാണ് സംസ്ഥാനസർക്കാർ പറയുന്നതെങ്കിലും കടം വാങ്ങിയ പണം പ്രൊഡക്ടീവ് അല്ലാത്ത മേഖലയിൽ ചെലവാക്കുമ്പോൾ അത് വൻ തോതി ലുള്ള ഇൻഫ്ളേഷന് കാരണമാകും. ഒരു കാലത്ത് നമ്മുടെ രാജ്യത്തിന്റെ സ്വർണ്ണ ശേഖരം മുഴുവൻ അന്നത്തെ കേന്ദ്ര സർക്കാർ പണയപ്പെടുത്തിയെ ങ്കിൽ ഇന്ന് കേന്ദ്രം ഭരിക്കുന്ന കോൺഗ്രസ്സ് സർക്കാരിന്റെ ധനകാര്യ മാനേജു

മെന്റിന്റെ ഫലമായി ഐ.എം.എഫ്.-ൽ നിന്നും സ്വർണ്ണം വാങ്ങാൻ പറ്റുന്ന തരത്തിലുള്ള സാഹചര്യം സൃഷ്ടിക്കാൻ കഴിഞ്ഞു.

ശ്രീ. സി.എം. ദിനേശ് മണി: വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. ഇൻഡ്യ സാമ്പത്തിക മാന്ദ്യത്തെ അതിജീവിച്ചതിന്റെ ക്രെഡിറ്റ് ഇടതുപക്ഷ പാർട്ടികൾക്കുള്ളതാണ്. ഇൻഡ്യയിലെ ബാങ്കുകളും ഇൻഷ്വറൻസ് കമ്പനികളും സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച യു.പി.എ സർക്കാരിന്റെ നടപടികൾക്കെതിരെ ശക്തമായ നിലപാടാണ് അന്ന് ഇടതുപക്ഷ പാർട്ടികൾ സ്വീകരിച്ചത്. എല്ലാ നഗരങ്ങളിലും മാലിന്യ സംസ്കരണം ഇന്ന് വളരെ ഗൗരവമേറിയ പ്രശ്നമായതിനാൽ 2001-ലെ സുപ്രീംകോടതി വിധി അനുസരിച്ച് മാലിന്യ സംസ്കരണ സംവിധാനം എല്ലാ നഗരങ്ങളിലും ഏർപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റിന് ബാധ്യതയുണ്ട്. മാലിന്യ സംസ്കരണം അതാത് നഗരസഭകളുടെ ചുമതലയായിമാത്രം നിജപ്പെടുത്തി നഗരസഭകളെ കുറ്റപ്പെടുത്തുന്ന സമീപനത്തിന് മാറ്റം വരണം. 311 കോടി രൂപയാണ് നഗരസഭകളുടെ വികസനവുമായി ബന്ധപ്പെട്ട് മാറ്റിവച്ചിട്ടുള്ളത്. നഗരസഭകളിലെ ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഒരു പ്രത്യേക പ്ലാൻ തയ്യാറാക്കേണ്ടതാണ്. കൊച്ചിയിലെ ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റ് കേരളത്തിന്റെ മധ്യമേഖലയിലാകെയുള്ള നഗരസഭകളുടെ മാലിന്യ സംസ്കരണ പ്ലാന്റായി വരണം. കേന്ദ്രീകൃത മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നോർതേൺ, സതേൺ, സെൻട്രൽ എന്നിങ്ങനെ മൂന്ന് മാലിന്യ പ്ലാന്റുകളാണ് കേരളത്തിൽ ആവശ്യമായിട്ടുള്ളത്. കേരളത്തിലെ കാലാവസ്ഥയുടെ പ്രത്യേകത വച്ചുകൊണ്ട് ഓരോ നഗരസഭയ്ക്കും സ്വീകരിക്കാവുന്ന ടെക്നോളജി എന്താണെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റ് തീരുമാനമെടുക്കേണ്ടതും ഒരു ടെക്നോളജി സപ്പോർട്ടിംഗ് ഏജൻസി കേരള

ത്തിൽ ഉണ്ടാകേണ്ടതുമാണ്. നഗരസഭകളുടെ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയമായ ഒരു സമീപനം ഗവൺമെന്റ് സ്വീകരിക്കണം. കുടിവെള്ള വിതരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുകൂടി പങ്കാളിത്തമു ണ്ടാകണം. കടലാക്രമണ പ്രതിരോധ പ്രവർത്തനത്തിന് കരിങ്കൽ ചിറകൾ കെട്ടുന്ന രീതിക്ക് ശാസ്ത്രീയമായ മാറ്റം വരുത്തണം. കടൽത്തീര സംരക്ഷ ണത്തിനായി കെട്ടുന്ന പുലിമുട്ടുകളുടെ നീളം ഓരോ തീരത്തേയും ജല ത്തിന്റെ ഒഴുക്കിനേയും ഒഴുക്കിന്റെ ദിശയേയും പരിഗണിച്ചുകൊണ്ട് തീരുമാ നിക്കണം. 1956-ലെ വേലുക്കുട്ടി അരയാൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരദേശ സംരക്ഷണ പ്രോജക്ട് പരീക്ഷണാടിസ്ഥാന ത്തിൽ നടപ്പിലാക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. സുനാമിയുടേയും ഗ്ലോബൽ വാമിംഗിന്റേയും കാലാവസ്ഥ വ്യതിയാനങ്ങളുടേയും പശ്ചാത്തല ത്തിൽ തീരദേശവാസികളുടെ സംരക്ഷണത്തിനും കടലാക്രമണ പ്രതിരോധ ത്തിനും ശക്തമായ നടപടികൾ സ്വീകരിക്കണം.

<u>പ്രൊഫ. എൻ. ജയരാജ്:</u> വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും മാച്ചിംഗ് ഗ്രാന്റുംകൂടി ചേർത്ത് വ്യത്യസ്തമായിട്ടാണ് സംസ്ഥാന ഗവൺമെന്റ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. 2009-10 വർഷത്തിലെ ബഡ്ജറ്റിൽ വിഭാവനം ചെയ്ത മാന്ദ്യവിരുദ്ധ പാക്കേജ് ഉൾപ്പെടെയുള്ള കാര്യങ്ങൾ പൂർണ്ണമായി നടപ്പാക്കാൻ ഗവൺമെന്റിന് കഴിഞ്ഞില്ല. കഴിഞ്ഞ ബഡ്ജറ്റ് പ്രകാരം പി.ഡബ്ളിയു.ഡി. ചെയ്യേണ്ട 263 വർക്കുകൾക്ക് ആകെ 12 എഞ്ചി നിയേഴ്സും സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിന് DRIQ ബോർഡിൽ ആറു പേരുമാണുള്ളത്. ആർക്കിടെക്ച്ചറൽ വിംഗിനെ ശക്തിപ്പെടുത്തുകയാ

ണെങ്കിൽ ബഡ്ജറ്റിൽ വിഭാവനംചെയ്യുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ കഴിയും. കേരളത്തിലെ മൂന്ന് സ്ഥലങ്ങളിലായി ആർക്കിടെക്ചറൽ വിംഗിനെ വികേന്ദ്രീകരിക്കുവാനും ശക്തിപ്പെടുത്തുവാനുമുള്ള ശ്രമങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. സംസ്ഥാനത്തിന്റെ കടം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. വാങ്ങുന്ന കടം ഉല്പാദന മേഖലയിൽ ചെലവഴിക്കാത്തതുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും പണം കണ്ടെത്താൻ കഴിയുന്നില്ല. സ്മാർട്ട്സിറ്റി നിലനിർത്തിക്കൊണ്ട് ഇൻഫോ പാർക്കിൽ ഒരു ലക്ഷം പേർക്ക് തൊഴിൽ നല്കുവാൻ കഴിയുമെന്ന് ബഡ്ജറ്റിൽ പറയുന്നുണ്ടെങ്കിലും സ്വകാര്യ നിക്ഷേപകർ ഐ.ടി.മേഖലയിലേയ്ക്ക് കടന്നുവരാൻ മടിച്ചു നില്ക്കുന്ന സാഹചര്യം വളരെ ക്രിയാത്മകമായി കേരളത്തിൽ ചർച്ച ചെയ്യപ്പെടണം. യു.ജി.സി പാക്കേജ് നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ബഡ്ജറ്റിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ അക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാകണം. ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗൗരവമായ കാര്യങ്ങളിലേയ്ക്ക് ഗവൺമെന്റ് കടന്നു വരണം. 1996–2000-ൽ നടപ്പിലാക്കേണ്ട പദ്ധതി 2010-ൽ കേരളത്തിൽ നടപ്പാക്കുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ, ഇക്കാര്യത്തിലെ അവ്യക്തത മാറ്റുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. കാർഷിക സർവ്വകലാശാലയുടെ ഭാഗമായി ഒരു വെറ്ററിനറി സർവ്വകലാശാല ആരംഭിക്കുന്നതിന് അനുകൂലമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം.

ശ്രീ. രാജാജി മാത്യു തോമസ്: വോട്ട് ഓൺ അക്കൗണ്ടിനെ സ്വാഗതം ചെയ്യുന്നു. കേരളത്തിൽ കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകിക്കൊ

ണ്ടാണ് ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്. വൻകിട-ചെറുകിട വ്യാപാര ശൃംഖലകളെ സഹായിക്കുന്ന തരത്തിലും സാധാരണക്കാരുടേയും കൃഷിക്കാരുടേയും താല്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിലും ഗവൺമെന്റ് നടപടികളെടുത്തുവരുന്നു. പൂഴ്ത്തി വയ്പ്പുകാർക്കും കരിഞ്ചന്തക്കാർക്കും നിയമവിധേയമായിട്ടുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നതാണ് കേന്ദ്ര ബഡ്ജറ്റ്. സംസ്ഥാന സർക്കാർ കാർഷിക മേഖലയിലെ അടങ്കൽ തുക ഗണ്യമായി വർദ്ധിപ്പിച്ചുകൊണ്ടാണ് ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ഭക്ഷ്യ സുരക്ഷ പദ്ധതിക്കുവേണ്ടി തുക നീക്കിവയ്ക്കുമ്പോൾ കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. അതിനുവേണ്ടി ഗവൺമെന്റിന്റേയും കൃഷിവകുപ്പിന്റേയും സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം. യാഥാർത്ഥ്യ ബോധത്തോടുകൂടി കാർഷിക മേഖലയെ സമീപിച്ചുകൊണ്ട് കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും വിലക്കയറ്റവും ആഗോളതാപനവും കാലാവസ്ഥ വ്യതിയാനവും മൂലം ഉണ്ടാകുന്ന പ്രതികൂല അവസ്ഥകളെ അതിജീവിക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ സുപ്രധാന കാർഷികോൽപന്നമായ നാളികേരത്തിന്റെ കൃഷിയേയും, കർഷകരേയും സംരക്ഷിക്കാൻ വിപുലമായ ഒരു പദ്ധതി തയ്യാറാക്കണം. തെങ്ങിൻ തടി പ്രോസസ്സ് ചെയ്ത് മറ്റ് ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. രോഗം വന്നിട്ടുള്ള തെങ്ങുകൾ മുറിച്ചു മാറ്റുന്നതിന് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ധനസഹായം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കണം. തെങ്ങിൻ തടികൾ പാഴായി പോകാതെയും പാരിസ്ഥിതിക പ്രശ്നമായി മാറാതെയും പ്രോസസ്സ് ചെയ്യുന്നതിനും നാളികേര ഉൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനും അടിയന്തിര നടപടി

സ്വീകരിക്കണം. എല്ലാ ജില്ലകളിലും നാളികേര ഉൽപ്പന്നങ്ങൾക്കുവേണ്ടിയുള്ള കാർഷിക വ്യാവസായിക പാർക്കുകൾ സ്ഥാപിക്കണം. കാർഷിക മേഖല യിൽ ഗ്രാന്റ് ഇനത്തിൽ പഠനത്തിനും ഗവേഷണത്തിനും കഴിഞ്ഞ വർഷം നൽകിയ തുകയേക്കാൾ കൂടുതൽ വകയിരുത്തിയിട്ടുണ്ട്. മറ്റ് വിവിധ മേഖല കൾക്കായി പത്ത് കോടി രൂപ നീക്കിവച്ചിരിക്കുന്നതും സ്വാഗതാർഹമാണ്. നഗര മാലിന്യങ്ങൾ, ഖരമാലിന്യങ്ങൾ ഇവ സംസ്ക്കരിക്കുന്നതിനാവശ്യമായ മനുഷ്യ വിഭവശേഷി ഉണ്ടാക്കുന്നതിനുവേണ്ടി കാർഷിക സർവ്വകലാശാല യിൽ പുതിയ കോഴ്സ് ആരംഭിക്കണം. ക്ഷീര ഉൽപാദനം, ഭക്ഷ്യ സംസ്ക്ക രണം മുതലായവ കൂടി അതിൽ ഉൾപ്പെടുത്തണം. തൃശ്ശൂരിലുള്ള മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ സുഗമമാക്കാൻ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. സംസ്ഥാനം കടക്കെണിയിലേക്ക് നീങ്ങുകയാണ്. സംസ്ഥാ നത്ത് സാധനങ്ങളുടെ വിലയും തകർന്ന റോഡുകളും വർദ്ധിക്കുകയാണ്. ഈ ഗവൺമെന്റ് അക്രമങ്ങൾക്ക് വഴിതെളിയിക്കുകയും ന്യൂനപക്ഷങ്ങളെ അവഗണിക്കുകയും ചെയ്യുന്നു. അറബിക് സർവ്വകലാശാല സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. മദ്രസ അദ്ധ്യാപകർക്കുള്ള പെൻഷൻ പദ്ധതി നടപ്പി ലാക്കണം. ഉറുദു ഐ.ടി.ഐ. പ്രഖ്യാപനത്തിലൊതുങ്ങി. ഹജ്ജ് ഹൗസിന് വേണ്ടി പണം നീക്കിവച്ചുവെങ്കിലും നടപ്പാക്കിയില്ല. പാലോളി കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാനും യാതൊരു നടപടിയും സ്വീകരിച്ചില്ല. ഭൂമി കയ്യേറ്റമായാലും കൊലപാതക കേസ്സുകളായാലുമൊക്കെ കോടതി ഇടപെടേണ്ട സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. താനൂർ ഫിഷിംഗ്

ഹാർബർ യാഥാർത്ഥ്യമാക്കണം. വികസന പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും അത് നടപ്പിലാക്കാതെ പുതിയ പദ്ധതികൾ പ്രഖ്യാപിക്കുകയുമാണ് ചെയ്യുന്നത്.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. എല്ലാ വിഭാഗം ആളുകളുടേയും താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ഈ സർക്കാർ അവതരിപ്പിച്ചിരിക്കുന്നത്. ഡാമുകളിൽ ആരും ശ്രദ്ധിക്കാതെ കിടന്ന മണൽ എസ്ക്കവേറ്റ് ചെയ്ത് പുറത്തെടുത്ത് അത് കേരളത്തിന്റെ വിലപ്പെട്ട സ്വത്താക്കി മാറ്റി ഇന്നുള്ള മണൽക്ഷാമം പരിഹരിക്കാനുള്ള ധീരമായ നടപടി സ്വീകരിച്ച ഗവൺമെന്റാണിത്. വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പിന് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. മാന്ദ്യവിരുദ്ധ പാക്കേജായി മൂവായിരം കോടി രൂപയുടെ വർക്കിന് ഇപ്പോൾത്തന്നെ എ. എസ്. കൊടുത്ത് അതിന്റെ നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തിന്റെ കൈവശം വരുന്ന റോഡുകൾ സഞ്ചാരയോഗ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. റീടാർ ചെയ്യേണ്ട റോഡുകൾക്ക് പണം കൊടുക്കണം. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ നിലവാരം ഉറപ്പുവരുത്താൻ ആവശ്യമായ തുക കൂടി അനുവദിക്കണം. സുനാമി പുനരധിവാസ പദ്ധതിയിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ തീരപ്രദേശത്തെ ദുരിതമനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കുവേണ്ടി കൂടുതൽ പണം വകയിരുത്താനും മുടങ്ങിക്കിടക്കുന്ന വർക്കുകൾ എത്രയും വേഗം പൂർത്തിയാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണയ്ക്കുന്നു. ആംഗ്ലോ ഇൻഡ്യൻ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക്

പോളിടെക്നിക്കിൽ ഇരുപതോളം സീറ്റ് വർദ്ധിപ്പിച്ച് നൽകാൻ സർക്കാർ തയ്യാറായത് സ്വാഗതാർഹമാണ്. കുത്തക മുതലാളിമാരെ വളർത്താനുള്ള ബഡ്ജറ്റാണ് കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്നതെങ്കിൽ റവന്യു വരുമാനം വർദ്ധിപ്പിച്ച് സാധാരണക്കാരെ ബുദ്ധിമുട്ടിക്കാതെയും ടാക്സ് ചുമത്താതെയും അവരുടെ പർച്ചേസിംഗ് കപ്പാസിറ്റി വർദ്ധിപ്പിക്കാനുതകുന്ന തരത്തിലുള്ള ബഡ്ജറ്റാണ് ഈ സർക്കാർ അവതരിപ്പിച്ചിരിക്കുന്നത്. രണ്ടു രൂപയ്ക്ക് അരി കൊടുത്തതുവഴി കേരളത്തിലെ സാധാരണക്കാരുടെ പർച്ചേ സിംഗ് കപ്പാസിറ്റി വർദ്ധിക്കാൻ ഇടയാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഭരണത്തിന്റെ ഫലമായി ഇൻഡ്യയിലെ 27 ശതമാനത്തിലധികം ആളുകൾക്ക് പോഷകാഹാരക്കുറവുള്ളതായും അഞ്ചു വയസ്സിൽ താഴെപ്രായമുള്ള 43 ശതമാനം കുട്ടികൾക്ക് ഭാരക്കുറവുള്ളതായും പഠനങ്ങളിൽനിന്ന് വ്യക്തമാ യിട്ടുണ്ട്. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ പട്ടിണി മൂലം ജനങ്ങൾ മരിക്കുന്ന സാഹചര്യമുള്ളപ്പോഴും യു.പി.എ. സർക്കാർ അതൊന്നും കണ്ടി ല്ലെന്ന് നടിക്കുന്നു. പത്തു വർഷത്തിനിടയിൽ 32,000 പേർ ആത്മഹത്യ ചെയ്ത വിദർഭയിൽ പ്രത്യേക സംസ്ഥാനം വേണമെന്ന് കോൺഗ്രസ്സ് ആവശ്യപ്പെടുന്നത് കോൺഗ്രസ്സ് ഭരിച്ചാൽ വിദർഭയിലെ പട്ടിണി മാറില്ലെന്ന് അറിവുള്ളതുകൊണ്ടാണ്. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നയങ്ങളുടെ ഫലമായി സംസ്ഥാനത്ത് രണ്ടു മുതൽ നാല് ശതമാനം വരെ വിലക്കയറ്റമു ണ്ടായ സാഹചര്യത്തിലാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. മുമ്പ് ഗുണനിലവാരമില്ലാത്ത അരിയാണ് റേഷൻ കടകൾവഴി വിതരണം ചെയ്തി രുന്നതെങ്കിൽ ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ ഫലമായി ഗുണനിലവാര മുള്ള അരി വിതരണം ചെയ്യാൻ കഴിയുന്നുണ്ട്. ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമായി കാറും സ്കൂട്ടറും ഉപേക്ഷിക്കാൻ തയ്യാറാകുന്ന ജനങ്ങളെ

പ്രോൽസാഹിപ്പിക്കത്തക്കവിധത്തിൽ സൈക്കിൾ വാങ്ങാൻ സബ്സിഡി കൊടുക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കണം. ഗ്രീൻ ബഡ്ജറ്റാണ് ധനകാര്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിനുവേണ്ടി നിലകൊള്ളുന്ന ഇടതുമുന്നണി ഗവൺമെന്റ് കർഷകരെ പ്രോൽസാഹിപ്പിക്കുന്നതും ആഗോള താപനം തടയുന്നതുമായ ഹരിത ബഡ്ജറ്റ് അവതരിപ്പിച്ചതുവഴി ജനങ്ങളുടെ പൂർണ്ണ പിന്തുണ നേടി യിരിക്കുകയാണ്. അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതുവഴി ഈ ഗവൺമെന്റിന് തൊഴിലവസരങ്ങൾ സൃഷ്ടി ക്കാനും കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിന് അനുകൂ ലമായ നയസമീപനങ്ങൾ കേന്ദ്ര സർക്കാർ സ്വീകരിക്കുന്നില്ലെങ്കിൽപ്പോലും പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് അവതരിപ്പിക്കാവുന്ന ഏറ്റവും നല്ല ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

<u>ശ്രീ. ജോസഫ്.എം. പുതുശ്ശേരി:</u> വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. ഈ ഗവൺമെന്റിന് ഇത്തരത്തിലൊരു വോട്ട് ഓൺ അക്കൗ ണ്ടുമായി ഈ സഭയെ സമീപിക്കാനുള്ള അവകാശമില്ല. പ്രതിപക്ഷാംഗങ്ങൾ അടിയന്തിരപ്രമേയ അവതരണാനുമതിക്കുള്ള നോട്ടീസ് കൊടുത്തിട്ട് മറുപടി പറയാൻ ഒരു മന്ത്രിപോലും തയ്യാറാകാത്തത് സർക്കാരിന്റെ കഴിവുകേടിനെ യാണ് കാണിക്കുന്നത്. വിദ്യാഭ്യാസ വകുപ്പ് തകർന്ന് തരിപ്പണമായി കിടക്കുന്നു. ധനക്കമ്മിയും റവന്യൂക്കമ്മിയും കൂടുകയും ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ കുറയുകയും ചെയ്തിട്ടുണ്ട്. ആനുവൽ പ്ളാനിൽ പതിനായിരം കോടി രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും ബഡ്ജറ്റ് -ഇൻ-ബ്രീഫിൽ പ്ളാൻ എക്സ്പെന്റിച്ചർ ഉൾപ്പെടെ 8363 കോടി രൂപ സൂചിപ്പിച്ചിരിക്കുന്നത് വസ്തുതാപരമായ പിശകാണ്. മൂന്നാറിൽ കയ്യേറിയ

ഭൂമി തിരിച്ചു പിടിക്കുമെന്ന് കൊട്ടിഘോഷിച്ച സർക്കാരിന് അവിടെ ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെന്റ് സബ്സിഡി ഇനത്തിൽ അനുവദിച്ച കടല കൂടിയ വിലയ്ക്ക് സപ്ലൈകോ വഴിയും സൂപ്പർ മാർക്കറ്റുകൾ വഴിയും വിറ്റഴിച്ചതിനെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ന്യായീകരിക്കുകയാണ്. പ്രസ്തുത വിഷയത്തിൽ സർക്കാർ നിയോഗിച്ച അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടിന് വിരുദ്ധമായ കാര്യങ്ങൾ പറഞ്ഞ് സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല.

ശ്രീ. പി. വിശ്വൻ: വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണയ്ക്കുന്നു. സമസ്ത മേഖലയിലുമുള്ള ജനങ്ങളും ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണയ്ക്കുകയാണ്. നാടിന്റെ സർവ്വതോൻമുഖമായ വളർച്ച ലക്ഷ്യംവച്ചുകൊണ്ട് മുന്നോട്ടു പോകുന്ന സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിനെ പൂർണ്ണമായും എല്ലാവരും അംഗീകരിക്കുന്നതാണ്. കേരളീയ സമൂഹത്തെ മാറ്റിമറിക്കാൻ ഉതകുന്ന ഉജ്ജ്വലമായ നേതൃത്വമാണ് ധനകാര്യ വകുപ്പുമന്ത്രിയും കേരള സർക്കാരും കൊടുത്തിരിക്കുന്നത്. ഇൻഡ്യയിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഒരു കോടി പത്തുലക്ഷം ടൺ ഉൽപ്പാദനത്തിൽ കുറവ് വന്നെങ്കിൽ, കേരളത്തിൽ കാർഷിക മേഖലയിലെ ഉൽപ്പാദന വളർച്ച ഒരു ലക്ഷം ടൺ ആയി വർദ്ധിച്ചിരിക്കുന്നു. കാർഷികോൽപ്പാദന മേഖലയിൽ മൂലധന നിക്ഷേപം വർദ്ധിച്ചിരിക്കുന്നുവെന്ന് മാത്രമല്ല, സംസ്ഥാനത്തിന്റെ വിതരണ ശൃംഖല വിപുലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. സംസ്ഥാനത്തെ നാളികേര കർഷകരെ സംരക്ഷിക്കുന്നതിനായി 'നീര' എന്ന ലഹരിയില്ലാത്ത കള്ള് ഉൽപ്പാദിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. വ്യാവസായിക രംഗത്ത് ഓഹരികൾ വിറ്റ് 25,000 കോടി രൂപ ഖജനാവിലേയ്ക്ക് മുതൽകൂട്ടാനുള്ള സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരി

ക്കുന്നതെങ്കിൽ, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും അടച്ചു പൂട്ടിയവ തുറന്നു പ്രവർത്തിപ്പിക്കാനുമുള്ള നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. വൈദ്യുതി രംഗത്ത് ഒന്നരക്കോടി സി.എഫ്.എൽ. വിതരണം ചെയ്തതുവഴി 250 മെഗാവാട്ട് കറന്റ് ലാഭിക്കാൻ സാധിച്ചതും സ്വാഗതാർഹമാണ്. 650 മെഗാവാട്ട് വൈദ്യുതി കേരളീയ സമൂഹത്തിന് കിട്ടത്തക്ക രീതിയിലുള്ള നടപടികളാണ് വൈദ്യുതി വകുപ്പ് സ്വീകരിക്കുന്നത്. 2007-2010 വരെ എസ്.ടി.വിഭാഗത്തിന് 279 കോടി രൂപയും എസ്. സി. വിഭാഗത്തിന് 805 കോടിരൂപയും ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതികൾക്കുവേണ്ടി പണം ചെലവഴിക്കാൻ ശാസ്ത്രീയമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ജപമാലയ്ക്ക് നികുതി വേണ്ടെന്ന് വച്ച നടപടി സാധാരണക്കാരെ സഹായിക്കാനാണ്.

<u>ശ്രീ. കെ.ടി. ജലീൽ:</u> 2010-11 വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഈ സർക്കാർ സംസ്ഥാനത്തിന്റെ വികസന താൽപ്പര്യങ്ങളെ മുൻനിർത്തിയാണ് കടം വാങ്ങിയിട്ടുള്ളത്. സേവന മേഖലയെ സമൃദ്ധമാക്കാൻ കഴിഞ്ഞു. പലിശരഹിതമായ ബാങ്കിംഗ് സമ്പ്രദായത്തിലൂടെ പണം സ്വരൂപിച്ച് സംസ്ഥാനത്തിന്റെ വികസനത്തിന് ചെലവഴിക്കുക എന്ന ആശയത്തിന് രൂപം കൊടുക്കുകയും അതിനുവേണ്ടി കമ്പനി രൂപീകരിക്കുകയും ചെയ്തത് അഭിനന്ദനാർഹമാണ്. നാല് മാസത്തെ ചെലവിന് വിദ്യാഭ്യാസ രംഗത്ത് 2,350 കോടി രൂപയും ആരോഗ്യ മേഖലയിൽ 612 കോടി രൂപയും കുടിവെള്ള വിതരണത്തിന് 418 കോടിരൂപയും പൊതുമരാമത്ത് പ്രവർത്തന രംഗത്ത് 1098 കോടി രൂപയും വ്യവസായ രംഗത്ത് 206 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും

സേവന മേഖലകൾക്ക് കൂടുതൽ പ്രാമുഖ്യം നൽകുന്ന പദ്ധതികളാണ് ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളത്. നാലു വർഷം കൊണ്ട് 35 പുതിയ ഐ.ടി.ഐ.കൾ സംസ്ഥാനത്ത് ആരംഭിക്കാൻ കഴിഞ്ഞു. മലപ്പുറത്ത് മൂന്ന് ഐ.ടി.ഐ.കൾ ആരംഭിച്ചത് സ്വാഗതാർഹമാണ്. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് 50 ലക്ഷം രൂപ വരെ നൽകുന്ന പദ്ധതി പ്രകാരം 250-ഓളം അപേക്ഷകൾ സമർപ്പിച്ചതിൽ 5 എണ്ണമാണ് പരിഗണിക്കപ്പെട്ടത്. ഇന്ത്യ യിലാദ്യമായി മുസ്ലീം സമുദായത്തിന് സംവരണം ഏർപ്പെടുത്തിയത് കേരള ത്തിലെ ഇടതുപക്ഷ ഗവൺമെന്റാണ്.

ശ്രീ. മുരളി പെരുനെല്ലി: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സാധാരണക്കാരുടെ മേൽ നികുതി ഭാരം അടിച്ചേൽപ്പിക്കാതെ വിഭവ സമാഹരണം നടത്തി ജനോപകാരപ്രദമായി വിനിയോഗിക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ചല്ല പല കേന്ദ്ര പദ്ധതികളും ആവിഷ്ക്കരിച്ചിരിക്കുന്നത്. സംസ്ഥാന ബഡ്ജറ്റ് കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് അനുയോജ്യമാണ്. കാർഷികമേഖലയിൽ മുന്നേറ്റമുണ്ടാ ക്കാനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനും കഴിഞ്ഞു. പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. ക്രമസമാധാന പാല നത്തിൽ ഒന്നാം സ്ഥാനം നേടാൻ കേരളത്തിന് കഴിഞ്ഞു. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് മാതൃകാപരമായ സമീപനമാണ് സ്വീകരിച്ചുവരുന്നത്. മണൽക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിച്ചു. ബി.പി.എൽ. കുടുംബ ങ്ങൾക്കും ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിയുടേയും ലക്ഷം വീട് പദ്ധതി യുടേയും ഗുണഭോക്താക്കൾക്കും ലോഡിന് 950 രൂപയ്ക്കും മറ്റുള്ളവർക്ക് 2300 രൂപയ്ക്കും മണൽ നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്.

വൈദ്യുതി മേഖലയിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. സമസ്ത മേഖലയിലും ജനതാൽപ്പര്യം സംരക്ഷിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടു പോകുന്നത്.

ശ്രീ. മാത്യു ടി. തോമസ്: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ ട്രഷറി സ്തംഭനമില്ലാതെ നാല് വർഷക്കാലം സംസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകാൻ ഈ സർക്കാരിന് കഴിഞ്ഞത് അഭിനന്ദനാർഹമാണ്. ഡാമുകളിലെ മണൽ വാരൽ സംരംഭത്തിലൂടെ നൂതനമായ ഒരു ധനാഗമ മാർഗ്ഗം കണ്ടെത്താൻ ഈ സർക്കാരിന് സാധിച്ചുവെന്നു മാത്രമല്ല നിർമ്മാണ മേഖലയിലെ മരവിപ്പ് മാറ്റിയെടുക്കാനും സാധിച്ചു. സാധാരണക്കാരായ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന നികുതി നിർദ്ദേശങ്ങളൊന്നുമില്ലാത്ത ബഡ്ജറ്റാണിവിടെ അവതരിപ്പിച്ചിട്ടുള്ളത്. വിവിധ ക്ഷേമ പെൻഷനുകൾക്കാവശ്യമായ പണം നീക്കിവച്ചിരിക്കുന്നതും 35 ലക്ഷം കുടുംബങ്ങൾക്ക് കിലോയ്ക്ക് രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്നതിനുവേണ്ടി 500 കോടി രൂപ വകയിരുത്തിയിരിക്കുന്നതും സ്വാഗതാർഹമാണ്. കുടിവെള്ള പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചു. സംസ്ഥാനത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങളോടനുബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തികൾ കാലതാമസംകൂടാതെ നടപ്പാക്കാൻ നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ധനകാര്യ വകുപ്പ് നേതൃത്വം നൽകണം. ഒ.ഡി.ആർ റോഡുകളുടെ മെയിന്റനൻസ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തണം. കേന്ദ്ര പദ്ധതികളുടെ മാനദണ്ഡങ്ങൾ സംസ്ഥാനത്തിന് അനുയോജ്യമല്ലാത്തതിനാൽ പദ്ധതികളുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കാതെ പോകുന്നു. കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങളിൽ പൊളിച്ചെ

ഴുത്ത് നടത്തുവാൻ പ്രതിപക്ഷത്തിന്റെകൂടി സഹകരണത്തോടെ സംയുക്ത മായ നീക്കം നടത്തണം..

<u>ശ്രീ. ജോർജ് മേഴ്സിയർ</u>: വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കേന്ദ്ര സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ ഗ്രാമീണ, കാർഷിക, വിദ്യാഭ്യാസ, ആരോഗ്യ മേഖലകൾക്കെല്ലാം ഒരുപോലെ ഊന്നൽ നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കൂടി സഹായത്തോടെയാണ് സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളും സാമൂഹ്യ സുരക്ഷ പദ്ധതികളും നടത്തുന്നത്. സാമ്പത്തിക വർഷാവസാനമായിട്ടും പദ്ധതി വിഹിതത്തിന്റെ ഏകദേശം 40 ശതമാനം മാത്രമാണ് സംസ്ഥാനം ചെലവഴിച്ചിട്ടുള്ളത്. കേന്ദ്രവിഹിതം വാങ്ങി പദ്ധതികൾ ആസൂത്രണം ചെയ്യുകയും കേന്ദ്രഗവൺമെന്റിനെ കുറ്റം പറയു കയും ചെയ്യുന്ന സമീപനം ശരിയല്ല. കേന്ദ്ര സർക്കാർ ഉച്ചക്കഞ്ഞിക്കായി നൽകിയ അരി, ഗോതമ്പ്, ചെറുപയർ, കടല, കർഷകർക്ക് കുറഞ്ഞ വില യ്ക്ക് നൽകിയ യൂറിയ എന്നിവ കൂടിയ വിലയ്ക്ക് മറിച്ചു വിറ്റ സർക്കാരാണിത്. കർഷക കടാശ്വാസ കമ്മിഷന് ലഭിച്ച പരാതികളിൽ ഭൂരിഭാഗവും തീർപ്പു കൽപ്പിക്കാതെ മാറ്റിവച്ചിരിക്കുകയാണ്. വെറും 92 കോടി രൂപയുടെ കടം മാത്രമാണ് എഴുതിത്തള്ളിയത് കേന്ദ്ര സർക്കാർ അനുവദിച്ച വിവിധ പദ്ധതികൾ പൂർത്തീകരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. തലസ്ഥാന വികസനത്തിനുവേണ്ടി യാതൊരു നടപടിയും സ്വീകരിച്ചില്ല. രാജ്യ സുരക്ഷയ്ക്കായി അനുവദിച്ച തീരദേശ പോലീസ് സ്റ്റേഷൻ ആരംഭി ക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ 47 മാസക്കാലം സംസ്ഥാനത്ത് വികലമായ രാഷ്ട്രീയ സംസ്ക്കാരമാണ് ഈ സർക്കാർ പിന്തുടരുന്നത്.

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u>: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും റവന്യു

വരുമാനം വർദ്ധിപ്പിക്കുന്ന ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുളളത്. ഹരിത ബഡ്ജറ്റ് അവതരിപ്പിക്കുക മാത്രമല്ല സാമൂഹ്യ നീതി ഉറപ്പുവരുത്തുന്നതിനുളള നടപടികൾ സ്വീകരിക്കുകയും ചെയ്തു. വിലക്കയറ്റത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ സാധിച്ചു. റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്ന നിർദ്ദേശങ്ങൾ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ളത് ആശ്വാസകരമാണ്. കേന്ദ്ര ഗവൺമെന്റ് പരോക്ഷ നികുതി വർദ്ധിപ്പിക്കുന്ന നയം സ്വീകരിച്ചപ്പോൾ ജനങ്ങളുടെമേൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കാതെ ഡാമുകളിൽനിന്ന് മണൽ വാരി ധനം സമാഹരിക്കുന്ന മാർഗ്ഗം കണ്ടെത്തുകയാണ് ഈ സർക്കാർ ചെയ്തത്. കാർഷിക മേഖലയിൽ വമ്പിച്ച മാറ്റമുണ്ടാക്കാനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനും ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കാനും സർക്കാർ സ്വീകരിച്ച നടപടികൾ ശ്ലാഘനീയമാണ്. മൂലധന ചെലവ് വർദ്ധിപ്പിച്ചതുകൊണ്ടുമാത്രമാണ് സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിച്ചിട്ടുള്ളതെന്ന് കാണാൻ കഴിയും. സ്ത്രീകളുടെ ഉന്നമനത്തിനായി 620 കോടി രൂപ നീക്കിവച്ചതിലൂടെ സ്ത്രീകളുടെ അവകാശങ്ങൾ സ്ഥാപിച്ചെടുക്കാൻ കഴിയുന്ന നടപടികളാണ് ബഡ്ജറ്റിലൂടെ സ്വീകരിച്ചിട്ടുള്ളത്. ജനങ്ങൾക്ക് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന ബഡ്ജറ്റാണിത്.

ശ്രീ. കെ. അജിത്: വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം വിവിധ ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. സംസ്ഥാനത്തെ നെല്ല് ഉൽപ്പാദനത്തിലും പച്ചക്കറി ഉൽപ്പാദനത്തിലും ഗണ്യമായ വർദ്ധനവുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കർഷകർക്ക് പലിശരഹിത വായ്പ ഏർപ്പെടുത്തിയതും കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ് നിയന്ത്രിക്കാൻ

നടപടി സ്വീകരിച്ചതും അഭിനന്ദനാർഹമാണ്. കാർഷിക രംഗത്ത് പുരോഗതി കൈവരിക്കാനും തൊഴിലില്ലായ്മ പരിഹരിക്കാനും കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ബി.പി.എൽ. പരിഗണന ലിസ്റ്റിലെ ആളുകളുടെ എണ്ണം 11 ലക്ഷമാക്കി പരിമിതപ്പെടുത്തി ആനുകൂല്യം നൽകിയപ്പോൾ സംസ്ഥാന ഗവൺമെന്റ് 35 ലക്ഷം കുടുംബങ്ങൾക്ക് ആനുകൂല്യം നൽകുന്ന പദ്ധതിയാണ് നടപ്പാക്കുന്നത്. മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കും തോട്ടം തൊഴിലാളികൾക്കും കൂടി രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കി. കേരളത്തിലെ പതിനായിരക്കണക്കിനുവരുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്ക് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ തൊഴിൽ നൽകാൻ കഴിഞ്ഞു. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി ആവിഷ്ക്കരിക്കുമെന്നുള്ള ബഡ്ജറ്റ് പ്രഖ്യാപനം സ്വാഗതാർഹമാണ്. സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളെ കേന്ദ്ര ഗവൺമെന്റ് പോലും പ്രശംസിച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട അറുപതിനായിരം കുടുംബങ്ങൾക്ക് വീട് വച്ചുകൊടുക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും കുറച്ച് വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള സ്റ്റൈപ്പന്റും മറ്റ് ആനുകൂല്യങ്ങളും എ.ടി.എം. വഴി വിതരണം ചെയ്യാനുള്ള നടപടി മാതൃകാപരമാണ്. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞു.. കേന്ദ്ര ഗവൺമെന്റ് റേഷൻ വിതരണത്തിന് കൂപ്പൺ സമ്പ്രദായം ഏർപ്പെടുത്താൻ ശ്രമിക്കുമ്പോൾ പൊതുവിതരണ സമ്പ്രദായത്തെ സംരക്ഷിക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. റേഷൻ കടകളും ത്രിവേണി മാവേലിസ്റ്റോറു

കളും വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്ത് വിലക്കയറ്റം പിടിച്ചുനിറുത്തി. കൃഷിയോട് ആഭിമുഖ്യമുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുയോജ്യമായ കൃഷിസ്ഥലം ഒരുക്കികൊടുക്കാനുള്ള നടപടികൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം.

ശ്രീ. ബി. രാഘവൻ : വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ ഉൽപാദന-തൊഴിൽ-സേവന മേഖലകൾക്ക് പ്രാമുഖ്യം നൽകിയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് പിന്തുടരുന്ന നിലപാടുകളാണ് സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കാനുള്ള പ്രധാന കാരണം. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം അനുവദിക്കാതിരിക്കുകയും റേഷൻ വിഹിതം വെട്ടിക്കുറയ്ക്കുകയും ചെയ്തത് പ്രതിഷേധാർഹമാണ്. വൈദ്യുതി ക്ഷാമം നേരിടുന്ന സംസ്ഥാനത്തിന് അർഹതപ്പെട്ട വൈദ്യുതി വിഹിതം അനുവദിക്കാത്ത കേന്ദ്ര നിലപാടിനെതിരെ പ്രതികരിക്കാൻ പ്രതിപക്ഷം തയ്യാറാകാത്തത് ഖേദകരമാണ്. സ്വകാര്യ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന സമീപനം അഭിലഷണീയമാണ്. ട്രഷറികളിലെ നിക്ഷേപം വർദ്ധിപ്പിച്ച് വികസന പ്രവർത്തനങ്ങൾക്ക് തുക കണ്ടെത്താനുള്ള പരിശ്രമത്തെ എതിർക്കുന്നത് ശരിയല്ല. 35 ലക്ഷത്തോളം വരുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിയും വിവിധ ക്ഷേമപെൻഷൻ നിരക്കുകൾ ഉയർത്തിയ നടപടിയും സ്വാഗതാർഹമാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ പൊതുവിതരണ സമ്പ്രദായം കാര്യക്ഷമമായി നടപ്പാക്കാൻവേണ്ടി 500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയ നടപടി പ്രശംസനീയമാണ്. സംസ്ഥാനത്തെ സഹകരണ മേഖലയിലെ നിക്ഷേപം ഉയർത്താൻ ഭരണസമിതികളുടെ

കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. ഇ.എം.എസ്. ഭവന പദ്ധതിയിലൂടെ ദുർബ്ബല ജനവിഭാഗങ്ങൾക്ക് പാർപ്പിട സൗകര്യം ഏർപ്പെടുത്തുന്നതിന് സഹകരണ മേഖലയിൽനിന്നും നാലായിരം കോടി രൂപ നീക്കിവച്ച നടപടിയും അഭിനന്ദനമർഹിക്കുന്നതാണ്. പൊതുവിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും കൂടുതൽ തുക നീക്കിവച്ചിട്ടുണ്ട്. കശുവണ്ടി വ്യവസായ മേഖലയിൽ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിന് മിനിമം വേജ് രൂപീകരിച്ചു. സ്ത്രീകളുടെ ഉന്നമനത്തിനും സ്ത്രീ ശാക്തീകരണത്തിനുംവേണ്ടിയുള്ള പൊതു കാഴ്ചപ്പാട് സ്വീകരിക്കാൻ ബഡ്ജറ്റിലൂടെ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ചുരുങ്ങിയത് 100 ദിവസമെങ്കിലും തൊഴിൽ നൽകാനും വേതനം 160 രൂപയായി വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. തെന്മല ഡാമിലും അച്ചൻകോവിലാറിലും അടിഞ്ഞുകൂടുന്ന മണൽ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിക്ക് ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കണം. ഗവൺമെന്റ് ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൊടുത്തുതീർക്കാനും ശമ്പള പരിഷ്ക്കരണ കമ്മീഷനെ നിയോഗിക്കാനും നടപടി സ്വീകരിച്ചത് സ്വാഗതാർഹമാണ്. കേരളത്തിന്റെ സമഗ്രമായ വികസനവും പുരോഗതിയും ലക്ഷ്യമാക്കിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. 2010-ൽ കമ്മിയില്ലാത്ത ബഡ്ജറ്റ് അവതരിപ്പിക്കുമെന്ന് പ്രഖ്യാപിച്ച ഗവൺമെന്റിന് നിലവിലുള്ള കമ്മി കുറയ്ക്കാൻ പോലും കഴിഞ്ഞിട്ടില്ല. വരുമാനത്തിൽ വർദ്ധനവില്ലെന്നുമാത്രമല്ല ചില മേഖലകളിൽ ഡിക്ലൈനിംഗ് ട്രെന്റാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. മൊത്തം റവന്യൂ വരുമാനത്തിൽ പ്രതീക്ഷിച്ചതിനേക്കാൾ 1627 കോടി രൂപയുടെ കുറവ് ഉണ്ടാ

യിരിക്കുന്നതിനാൽ ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെട്ടതാണെന്ന് അവകാശ പ്പെടാൻ കഴിയില്ല. സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ വിഭാഗത്തിൽനിന്നുള്ള വരുമാനവും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാന സർക്കാരിന്റെ നോൺ ടാക്സ് റവന്യൂ 2010-2011-ൽ 17.55 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. ബിയറിന്റേയും വൈനിന്റേയും നികുതി കുറച്ചതിന്റെ ഫലമായി നികുതി വരുമാനത്തിൽ വീണ്ടും കുറവുണ്ടാകും. വിദ്യാഭ്യാസം, ജലസേചനം, കൃഷി തുടങ്ങിയ മേഖലകൾക്ക് കഴിഞ്ഞ മൂന്നു വർഷങ്ങളേക്കാൾ കുറഞ്ഞ തുകയാണ് വകയിരുത്തിയിരിക്കുന്നത്. അതേസമയം കേന്ദ്ര സർക്കാർ മാഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി, ഭാരത് നിർമ്മാൺ പദ്ധതി, ഗ്രാമീണ മേഖലയുടെ വികസനം, വിദ്യാഭ്യാസം തുടങ്ങിയവയ്ക്ക് ആവശ്യമായ തുക വകയിരുത്തുകയും രണ്ടാം ഹരിത വിപ്ലവത്തിന് പ്രത്യേകമായ ഊന്നൽ നൽകുകയും ആരോഗ്യമേഖലയ്ക്ക് തുക വകയിരുത്തുകയും ചെയ്തു. പൊതുമേഖലാ ബാങ്കുകളുടെ അടിസ്ഥാന മൂലധനം വർദ്ധിപ്പിക്കാൻ 16,500 കോടി രൂപയാണ് കേന്ദ്രം വകയിരുത്തിയിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പല പദ്ധതികളും സംസ്ഥാന സർക്കാരിന്റെ സ്വന്തം പദ്ധതികളായിട്ടാണ് പ്രഖ്യാപിച്ചിരിക്കുന്നത്. അടിസ്ഥാന മേഖലയുടെ ത്വരിത വികസനത്തിന് പദ്ധതി വിഹിതത്തിന്റെ 46 ശതമാനം തുക മാത്രമാണ് ഈ ഗവൺമെന്റ് വകയിരുത്തിയിരിക്കുന്നത്. കേന്ദ്ര സർക്കാർ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് നാഷണൽ സെക്യൂരിറ്റി ഫണ്ട് രൂപീകരിക്കാൻ ആദ്യ ഗഡുവായി 1000 കോടി രൂപ വകയിരുത്തിയതിന്റെ ചുവടുപിടിച്ചാണ് സംസ്ഥാന സർക്കാർ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കാൻ പദ്ധതികൾക്ക് രൂപം നൽകിയിരിക്കുന്നത്. സബ്സിഡിയോടു കൂടി ലഭിക്കുന്ന യൂറിയയും ഉച്ചക്കഞ്ഞിക്കുവേണ്ടി സൗജന്യമായി ലഭ്യമാ

കുന്ന അരിയും സംസ്ഥാന ഗവൺമെന്റ് മറിച്ചു വിറ്റ നടപടി പ്രതിഷേധാർഹ മാണ്. ദേശീയ വളർച്ച നിരക്ക് വർദ്ധിച്ചപ്പോൾ സംസ്ഥാനത്തിന്റെ വളർച്ച നിരക്ക് കുറയുന്നു. സ്ത്രീകളുടേയും കുട്ടികളുടേയും സാമൂഹ്യ സുരക്ഷ യ്ക്കായി കേന്ദ്രം തുക വകയിരുത്തിയതുകൊണ്ടാണ് സംസ്ഥാനം ജെൻഡർ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാനത്ത് കുറ്റകൃത്യങ്ങൾ വർദ്ധി ക്കുകയും ക്രമസമാധാന നില തകരാറിലാവുകയും ചെയ്തിരിക്കുന്നതിനാൽ പോലീസ് സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സംസ്ഥാനത്തിന്റെ പൊതുകടം 2006-07-ലേതിൽ നിന്നും നടപ്പു വർഷം 78,327 കോടി രൂപയായി വർദ്ധിക്കുമെങ്കിലും വരുമാനവുമായി തട്ടിച്ചുനോക്കിയാൽ കടഭാരം ആപേ ക്ഷികമായി കുറഞ്ഞുവരുന്നതായി കാണാം. സംസ്ഥാനത്തിന്റെ റവന്യൂ വരു മാനത്തിൽ നിന്നുമാണ് കടം തിരിച്ചടയ്ക്കേണ്ടത്. 2006-07-ൽ കടം റവന്യൂ വരുമാനത്തിന്റെ 274 ശതമാനമായിരുന്നുവെങ്കിൽ 2010-11-ൽ അത് 251 ശതമാ നമായി കുറഞ്ഞിരിക്കുകയാണ്. പലിശയുടെ തോതും കുറഞ്ഞു വരുക യാണ്. 2006-07-ൽ സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 23 ശതമാനം പലിശ കൊടുക്കേണ്ടിവന്നുവെങ്കിൽ. 2010-11-ൽ അത് 18.5 ശതമാനമായി കുറയാൻ പോകുന്നു. 2006-07-ൽ കേരളം എടുത്ത കടത്തിന്റെ 69 ശതമാനം റവന്യൂ ചെലവിനായിരുന്നു ഉപയോഗിച്ചിരുന്നതെങ്കിൽ അത് 42 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. വായ്പ എടുക്കുന്ന തുകയുടെ ഭൂരി ഭാഗവും റവന്യൂ കമ്മി നികത്താൻ ഉപയോഗിക്കുമ്പോഴാണ് സംസ്ഥാനം കടക്കെണിയിലാകുന്നത്. കടത്തേക്കാൾ വേഗതയിലാണ് സമ്പദ് ഘടന വളരുന്നതെങ്കിൽ സംസ്ഥാനത്ത് കടക്കെണി ഉണ്ടാകില്ല. കേരളം 2010-11-ൽ 14 ശതമാനം സാമ്പത്തിക വളർച്ച ലക്ഷ്യമിടുന്നു. എഫ്.ആർ.ബി.എം. ആക്ടിന്റെ

പ്രതിഫലനമായി മാന്ദ്യം ഉണ്ടായിട്ടും ഇൻഡ്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും ഒരു കോടി രൂപയുടെ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നു. എന്നാൽ ജനങ്ങളെ ഞെരുക്കി വെയ്സ് ആന്റ് മീൻസ് സർപ്ലസ്സായി നികത്താൻ കേരളം ഉദ്ദേശിക്കുന്നില്ല. ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി സർക്കാർ പണം വിനിയോഗിച്ചു. കേരളത്തിന്റെ വളർച്ചയുടെ അടിസ്ഥാനത്തിൽ അനുവദിക്കാത്തതുകൊണ്ടാണ് കേന്ദ്ര വായ്പയുടെ ശതമാനം കുറഞ്ഞുപോയത്. സംസ്ഥാനത്തിന്റെ മൂലധന നിക്ഷേപം കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് ക്യാഷ് ഫ്ളോ മാനേജ്മെന്റിന്റെ ഭാഗമായിട്ടാണ് വെൽഫെയർ ബോർഡുകളുടെ ഫണ്ട് ട്രഷറിയിലേയ്ക്ക് മാറ്റാനുള്ള ഉത്തരവു കൊടുത്തത്. പ്രസ്തുത തുക നാടിന്റെ വികസനത്തിനുവേണ്ടി വിനിയോഗിക്കും. കൂടിയ പലിശയും ലഭിക്കും. സഹകരണ ബാങ്കുകളുടെ ട്രഷറി നിക്ഷേപം ഏതു സമയത്തും പിൻവലിക്കാൻ അനുവദിക്കും. നോൺ പ്ളാൻ ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ വർദ്ധിച്ചതുകൊണ്ടാണ് ടോട്ടൽ ഔട്ട്ലേയിൽ കുറവു വന്നിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റേയും പദ്ധതികളും ടോട്ടൽ ഔട്ട്ലേയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകൾ വേഗത്തിലാക്കുന്നതിനെപ്പറ്റി പഠിക്കുന്നതിന് നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട് പ്രതിപക്ഷ നേതാവിന്റേയുംകൂടി സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്തതിനുശേഷം ഗവൺമെന്റിന്റെ തീരുമാനം നടപ്പു സമ്മേളനത്തിൽത്തന്നെ പ്രഖ്യാപിക്കാൻ കഴിയും. തദ്ദേശ സ്വയംഭരണ വകുപ്പും പി.ഡബ്ല്യു.ഡി.യും, ധനകാര്യ വകുപ്പുംകൂടി ചർച്ച ചെയ്ത് രണ്ട് ദിവസത്തിനകം ഒരു ധാരണയുണ്ടാക്കി ഒ.ഡി.ആർ റോഡുകളുടെ മെയിന്റനൻസ് മുഴുവൻ നടപ്പു വർഷംതന്നെ നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സുനാമി

പദ്ധതിയും തുടങ്ങിവച്ച പദ്ധതികളും പൂർത്തീകരിക്കും. പി.ഡബ്ല്യു.ഡി. യിൽനിന്നും പദ്ധതികൾ ഡിസൈൻ ചെയ്ത് കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തീര സംരക്ഷണ ത്തിന്റെ എല്ലാ സാദ്ധ്യതകളും പരിശോധിച്ച് ഉചിതമായ നടപടി സ്വീകരി ക്കും. പ്രതിപക്ഷ നേതാവുമായി ആലോചിച്ചശേഷം നിബന്ധനകളിൽ ഉചിതമായ മാറ്റം വരുത്തി ഏപ്രിൽ ഒന്നിന് എം.എൽ.എ. ഫണ്ട് വിനി യോഗത്തിന് പൂർണ്ണ ഭരണാനുമതി നൽകും. നിലവിലുള്ള സർവ്വകലാശാലക ളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയശേഷം പുതിയ സർവ്വകലാശാലകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. എം.എൻ., ഇ.എം.എസ്. എന്നീ പാർപ്പിട പദ്ധതികൾക്കും ബി.പി.എൽ കുടുംബങ്ങൾക്കും പഞ്ചായത്ത് സർട്ടിഫിക്കേഷനുമായി വന്നാൽ നിർമ്മിതി കേന്ദ്രം വഴി 950 രൂപയ്ക്ക് ഓരോ ലോഡ് മണലും സാധാരണക്കാർക്ക് 2,300 രൂപയ്ക്ക് രണ്ട് ലോഡ് മണൽവീതവും കൊടുക്കുന്നതാണ്. കടവുകളിൽനിന്നും മണൽ ലഭ്യമാക്കു ന്നതിലെ അഴിമതി കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കും. പതിമൂന്നാം ധനകാര്യ കമ്മീഷൻ കേരളത്തിലെ ഡാമുകൾ ഡീസിൽറ്റ് ചെയ്യു ന്നതിനുവേണ്ടി അമ്പതുകോടി രൂപ അനുവദിച്ചിട്ടുണ്ട്. സ്പീഡിൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി ഒരു പ്രോ ആക്ടിവേറ്റ് നിലപാട് ധനകാര്യ വകുപ്പ് സ്വീകരിക്കുന്നതാണ്. നടപ്പു വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള നൂതനമായ കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാ ക്കുന്നതിന് തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്. കെ.എസ്.ഇ.ബി.യും എനർജി മാനേജുമെന്റ് സെന്ററും ചേർന്ന് ബന്ധപ്പെട്ട വിദഗ്ദ്ധരുടെ യോഗം വിളിച്ചു കൂട്ടി വിശദമായ വർക്ക്ഷോപ്പുകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ

എനർജി സേവിംഗിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഊർജ്ജ ലാഭം നേടുന്ന സംരംഭങ്ങൾ തുടങ്ങാൻ വ്യവസായ സ്ഥാപന ങ്ങൾക്ക് അഞ്ചു ശതമാനം വായ്പ ലഭ്യമാക്കും. ഗ്രീൻസ് സ്റ്റാന്റേർഡ് അനു സരിച്ചുള്ള കെട്ടിട നിർമ്മാണത്തിന് പ്രത്യേക പ്രോത്സാഹനം നൽകുന്ന താണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ധനകാര്യ വകുപ്പുമായി ചേർന്ന് ഗ്രീൻസ് ഫണ്ടിന്റെ വിനിയോഗത്തെ സംബന്ധിച്ച് ഒരു കർമ്മ പരിപാടിക്ക് രൂപം നൽകുന്നതാണ്. കൂടുതൽ മന്ത്രിമാരും പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനും ജെണ്ടർ ബോർഡിൽ അംഗമായിക്കൊണ്ട് സമയബന്ധിതമായി എല്ലാ ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനായി ബയോ മെട്രിക് കാർഡുകൾ നല്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയി ട്ടുണ്ട്. അതിന്റെ നടത്തിപ്പിനെ സംബന്ധിച്ച് ക്ഷേമനിധി ബോർഡ് ചെയർമാൻമാരുമായി ചർച്ച നടത്തുന്നതാണ്. ഉന്നത വിദ്യാഭ്യാസ മേഖല യുടെ ഉന്നമനത്തിനുവേണ്ടി വൈസ് ചാൻസിലർമാരുമായി ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നതാണ്. ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാ ക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ വോട്ട് ഓൺ അക്കൗണ്ട് പാസ്സാ ക്കുന്ന വേളയിൽത്തന്നെ ആരംഭിക്കുമെന്ന് സഭയ്ക്ക് ഉറപ്പു നൽകുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

**31**-ന് എതിരെ **69** വോട്ടുകളോടെ വോട്ട് ഓൺ അക്കൗണ്ട് സഭ പാസ്സാക്കി.

സഭ ഉച്ചയ്ക്കുശേഷം **3.32**-ന്പിരിഞ്ഞു.

---------------------